നം.കെഎസ്എ.കെടിഎം.പി.10/1955/2018 തീയതി : 16.11.2018

# കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,***

*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.06.2017 മുതൽ 30.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. '41'ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ '21'എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 24.10.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്, ഡെപ്യൂട്ടി ഡയറക്ടർ |
| | |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.10.2018 മുതൽ 24.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഒ◌ാഡിറ്റ് ഒ◌ാഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഒ◌ാഡിറ്റർ |
| | ശ്രീ മനു എം. | സീനിയർ ഗ്രേഡ് ഒ◌ാഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഒ◌ാഡിറ്റർ |
| | ശ്രീ ഉണ്ണിക്കൃഷ്ണൻ എം. | ഒ◌ാഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സണ്ണി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ലാലിമ ടോമി | 01.04.2017 മുതൽ 03.05.2017 വരെ |
| | ഷീലാ തോമസ് | 04.05.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ബീനാ തോംസൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ശ്യാമള പൊന്നപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻ്റിങ്ങ് കമ്മിറ്റി) | തോമസ് മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ഡി അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

## (സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ജിജിമോൾ പി കുര്യൻ | 01.04.2017 മുതൽ 12.07.2017 വരെ |
| | ജോസഫ് ജോർജ്ജ് | 13.07.2017 മുതൽ 16.10.2017 വരെ |
| | കെ ബി അനിൽ | 17.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ടെസ്സി മാത്യു | 01.04.2017 മുതൽ 20.11.2017 വരെ |
| | ജേക്കബ് മാത്യു | 21.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ.ജി രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.ഷീജാ അഷ്റഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | സബിത ദിവാകരൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| | മായ ആർ | 01.04.2017 മുതൽ 23.07.2017 വരെ |
| | അനീസ | 24.07.2017 മുതൽ 18.08.2017 വരെ |
| | സുനിൽകുമാർ എഫ് ജെ | 19.08.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അനുബാല | 01.04.2017 മുതൽ 29.08.2017 വരെ |
| | വിനീത | 30.08.2017 മുതൽ 08.10.2017 വരെ |
| | ഇന്ദു | 09.10.2017 മുതൽ 28.11.2017 വരെ |
| | രമ്യാ മോഹൻ | 29.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | അമിതമോൾ പി. | 01.04.2017 മുതൽ 06.10.2017 വരെ |
| | രഞ്ജിത് കൃഷ്ണൻ ജി. | 07.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജയകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ലിറ്റി തോമസ് | 01.04.2017 മുതൽ 20.01.2018 വരെ |
| | എം. മുഹമ്മദ് ഷെറീഫ് | 21.01.2018 മുതൽ 31.03.2018 വരെ |

## (ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| | |

| ഭാഗം 1 -- പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| **ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | പ്രത്യേക ആവശ്യത്തിനു ലഭിച്ച ഫണ്ടുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| 2-2 | അനർട്ടിൽ നിന്നും ലഭിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ച തുക-വിനിയോഗം സംബന്ധിച്ച് വ്യക്തതയില്ല |
| 2-3 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു |
| 2-4 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് |

| | |
|---|---|
| | ആരംഭിച്ചിട്ടില്ല |
| 2-5-1 | വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2-5-2 | കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അവ്യക്തത |
| 2-5-3 | കെട്ടിടത്തിന്റെ ഉപയോഗക്രമം നിശ്ചയിച്ചതിലെ അപാകത |
| 2-5-4 | സ്വകാര്യഹോസ്റ്റൽ ,ഹോംസ്റ്റേ എന്നിവയുടെ അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിക്കാതെ നികുതി നിർണയം നടത്തി |
| 2-5-5 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു |
| 2-5-6 | യു.എ നമ്പർ നൽകി വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങളുടെ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| 2-5-7 | വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല |
| 2-6-1 | ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 2-6-2 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| 2-6-3 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ അപാകത |
| 2-6-4 | കെട്ടിടനിർമ്മാണപെർമിറ്റ് നൽകിയതിന്റെ അധികവിവരങ്ങൾ ലഭ്യമാക്കിയില്ല |

| | |
|---|---|
| 2-7 | തൊഴിൽ നികുതി |
| 2-8 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| **ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ചെലവിന് രേഖകളില്ല - 7,44,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-2 | പാർട്ട് ടൈം സ്വീപ്പർക്ക് അധികം തുക നല്കി |
| 3-3 | തൊഴിൽ രഹിത വേതനം- അധികതുക നൽകി |
| 3-4 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒടുക്കിയത്- ഡിമാന്റിന്റെ വിശദാംശം ലഭ്യമല്ല |
| 3-5 | തനത് ഫണ്ട് വൗച്ചർ പരിശോധന |
| 3-6 | അർഹതയില്ലാത്ത യാത്രകൾക്ക് യാത്രാപ്പടി നൽകി |
| 3-7 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജിതാവധി അക്കൗണ്ട് കൃത്യമാക്കേണ്ടതാണ് |
| 3-8 | തെരുവ് വിളക്ക് വാങ്ങൽ |
| 3-9 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾക്ക് സർക്കാർ നിശ്ചയിച്ച കാലാവധിക്കുള്ള വാറന്റി ഉറപ്പാക്കിയിട്ടില്ല |
| 3-10 | മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല- തുക തിരികെ ഈടാക്കേണ്ടതാണ് |
| 3-11 | കുടുംബശ്രീ ഹെൽപ് ഡെസ്കിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ- ഉപയോഗയോഗ്യമാക്കിയിട്ടില്ല |
| 3-12 | മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല |

| | |
|---|---|
| 3-13 | ആയുർവ്വേദാശുപത്രി നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം ലോകബാങ്ക് വിഹിതം നഷ്ടമായി |
| 3-14 | അങ്കണവാടി നിർമ്മാണം- തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും സ്ഥലം കൈമാറി നൽകിയിട്ടില്ല |
| 3-15 | മുട്ടക്കോഴി വാങ്ങൽ – സ്ഥാപനത്തിന് അംഗീകാരമില്ല |
| 3-16 | നെൽവിത്ത് വിതരണം -സബ്സിഡി അധികം നൽകി |
| 3-17 | ഭവന പൂർത്തീകരണം - രേഖകൾ ലഭ്യമാക്കിയില്ല |
| 3-18 | മുക്കാടൻപടി വേരൂപ്പള്ളി റോഡ് കോൺക്രീറ്റിംഗ്- തുടർച്ചയായി റോഡ് കോൺക്രീറ്റ് ചെയ്തിട്ടില്ല |
| 3-19 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പുതിയ റോഡ് കോൺക്രീറ്റിങ്ങ് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 3-20 | പാറയിൽ അങ്കണവാടി ഫിനിഷിങ്ങ് വർക്ക് - സ്റ്റെയർ റൂം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-21 | ആലുംമൂട് -അരീശ്രാക്കൽ റോഡ് റീടാറിങ്ങ്- കാലാവധി ദീർഘിപ്പിക്കരണത്തിന് കരാറുകാരൻ അപേക്ഷിച്ചില്ല-പിഴ ഈടാക്കിയില്ല |
| 3-22 | ആശ്രയ പദ്ധതി |
| **ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവു വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | കൂടുതൽ | കുറവ് | |
|---|---|---|---|---|---|
| മുന്നിരിപ്പ് | 43215303 | 38798259.99 | - | 4417043.01 | (-)10.22 |
| വരവ് | 186107000 | 78438789 | - | 107668211 | (-)57.85 |
| ആകെ | 229322303 | 117237048.99 | - | 112085254 | (-)48.87 |
| ചെലവ് | 220141000 | 82200983 | - | 137940017 | (+)62.65 |
| നീക്കിയിരിപ്പ് | 9181303 | 35036065.99 | (+) 25854762.99 | -- | (+)281.60 |

ബജറ്റിൽ പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത് . ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതിയായ 31.07.2018 നു മുമ്പുതന്നെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 26.05.2018-ലെ 1(i)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2018 ലെ സി1./18 നം. കത്ത് പ്രകാരം 22.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29.06.2018, 30.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 19.07.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി10-1300/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 38798259.99/- |
| വരവ് | 78438789/- |
| ആകെ | 117237048.99/- |
| ചെലവ് | 82200983/- |
| നീക്കിയിരിപ്പ് | 35036065.99/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 19215000 | 19215000 | 14661152 | 4553848 | 76 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 4778081 | 4778081 | 3082500 | 1695581 | 65 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 215912 | 215912 | 0 | 215912 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 5786000 | 5786000 | 5289722 | 496278 | 91 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 4288000 | 4288000 | 3225624 | 1062376 | 75 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9023912 | 9023912 | 7175162 | 1848750 | 80 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3998566 | 3998566 | 3581968 | 416598 | 90 |
| തൊഴിലുറപ്പ് പദ്ധതി(MGNREGS) | 9356 | 11965747 | 11915103 | 11582087 | 393016 | 53 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC)- കേന്ദ്ര ഫണ്ട് | 29086 | 744000 | 773086 | 754000 | 19086 | 97 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC)- സംസ്ഥാന ഫണ്ട്- ഫ്രീഡം ഫ്രം വേസ്റ്റ് | 0 | 25000 | 25000 | 6500 | 18500 | 26 |
| ഐ.സി.ഡി.എസ്. (ICDS) | 619088 | 970528 | 1589616 | 974845 | 614771 | 61 |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 0 | 771600 | 771600 | 373475 | 398125 | 48 |
| ശുചിത്വ മിഷൻ- മഴക്കാല പൂർവ്വ ശുചീകരണം | 98930 | 143897 | 242827 | 145000 | 97827 | 60 |
| സംയുക്ത പ്രോജക്ട്- ബ്ലോക്ക് വിഹിതം | 222000 | 1800000 | 2022000 | 546621 | 1475379(*) | 27 |
| സംയുക്ത പ്രോജക്ട്- ജില്ലാ പഞ്ചായത്ത് വിഹിതം | 156300 | 0 | 156300 | 0 | 156300 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്തൃ വിഹിതം | 35453 | 449994 | 485447 | 474928 | 10519 | 98 |
| നിർമ്മൽ പുരസ്കാരം | 0 | 250000 | 250000 | 0 | 250000 | 0 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | 32763876 | 20093460 | 52857336 | 25185754 | 27671582 | |

(*) ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല. ആയത് പരാമർശമായി ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

**<u>പദ്ധതി രൂപീകരണം</u>**

സ്ഥാപനത്തെ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹികനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമമാതൃകയാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തുയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമസഭാപൂർത്തീകരണം | 5-4-17 മുതൽ 10-4-17 വരെയുള്ള വിവിധ തീയതികൾ |
| വികലാംഗ ഗ്രാമസഭ | 13-2-17 |
| വർക്കിങ്ങ് ഗ്രൂപ്പ് | 11-5-17 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മെമ്പറുമാരുടേയും മീറ്റിങ്ങ് | 18-5-17 |
| ആസൂത്രണ സമിതി | 19-5-17 |
| വികസനസെമിനാർ | 23-5-17 |

## പദ്ധതി അംഗീകാരം

2017-18-ലെ അന്തിമ വാർഷികപദ്ധതി അംഗീകരിച്ചു തീരുമാനിച്ചു (10-5-17-ലെ തീരുമാനം I(1)). ജില്ലാ ആസൂത്രണസമിതിയുടെ 25.3.2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 105076098/- രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്. 52സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 188 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

## പദ്ധതിനിർവ്വഹണം

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 43സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 120പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

<u>വാർഷികപദ്ധതി ചെലവ്കണക്കിൽ ഗുരുതര പിഴവ്</u>

2017-18 വർഷം നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകൾക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുകകളുടെ ചെലവ് വിവരങ്ങൾ, ഗുണഭോക്തൃവിഹിതം ചെലവഴിച്ച വിവരങ്ങൾ എന്നിവ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ചെലവ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. തൻമൂലം ഗ്രാമപഞ്ചായത്തിന്റെ ആകെ ചെലവ് തുക കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. തനത് ഫണ്ട് ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ് വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ കേന്ദ്രാവിഷ്കൃത ഫണ്ട്, തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ചെലവഴിച്ച് പ്രൊജക്റ്റ് നിർവ്വഹണം നടത്തിയിരുന്നുവെങ്കിലും ചെലവ് പത്രികയിൽ പ്രസ്തുത പ്രൊജക്റ്റുകൾ ചെലവുള്ളതായി കാണുന്നില്ല. തൻമൂലം ആകെ ചെലവ് ശതമാനം കണക്കാക്കിയതിൽ ഗുരുതര പിഴവ് വന്നിട്ടുണ്ട്.

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ-നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | ചെലവ് | അടങ്കൽ | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 4 | 32,36,691/- | 70,80,829/- | 45.71 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 12,36,592/- | 38,07,230/- | 32.48 |
| 3. | മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | 2 | 2 | 892104/- | 1710600/- | 52.15 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 200,000/- | 200,000/- | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 11 | 6 | 36,37,475/- | 3,65,50,025/- | 9.95 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 51,02,119/- | 73,02,400/- | 69.86 |
| 8. | സെക്രട്ടറി | 26 | 17 | 78,91,243/- | 146,72,773/- | 53.78 |
| 9. | ഹെഡ്മിസ്ട്രസ് | 2 | 0 | 0/- | 3,09,500/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| 10. | അസിസ്റ്റന്റ് എൻജിനീയർ(LSGD) | 109 | 64 | 15388121/- | 26750041/- | 57.53 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 739725/- | 2500000/- | 29.59 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 16 | 12 | 2156145/- | 4192700/- | 51.43 |
| ആകെ | | 188 | 120 | **4,04,80,215/-** | **10,50,76,098/-** | **38.52** |

ആകെ ചെലവ് ശതമാനം 38.28% മാത്രമാണ്. തൻവർഷം 215912/- രൂപ സംസ്ഥാന ബജറ്റ് പ്രകാരം റ്റിഎസ് പി വിഹിതമായി ലഭിച്ചിരുന്നു. ടി തുക വകയിരുത്തി ഭവന നിർമ്മാണത്തിനായി പ്രൊജക്റ്റ് തയ്യാറാക്കി ആസൂത്രണസമിതി അംഗീകാരവും ലഭ്യമാക്കിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾ ആരും തന്നെയില്ലായെന്നും തൻമൂലം ഊരുകൂട്ടയോഗങ്ങളും തൻവർഷം നടത്തിയിരുന്നില്ലായെന്നും അറിയിച്ചിരുന്നു. ഗുണഭോക്താക്കളില്ലായെന്ന് വ്യക്തമായിരിക്കെ നിരവധിയാളുകളുടെ മനുഷ്യാധ്വാനവും സമയവും പാഴാക്കി റ്റി എസ് പി വിഭാഗത്തിൽ പ്രൊജക്റ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കപ്പെട്ടില്ല.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>**

2017-18 വർഷം പദ്ധതി മാർഗ്ഗരേഖ പ്രകാരം അനിവാര്യമായി നിശ്ചയിച്ചമേഖലകളിൽ ഉൾപ്പടെ 13 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. ഇതിൽ പ്രകൃതി ക്ഷോഭം/ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന് തൻവർഷം പ്രവർത്തനം ഉണ്ടായിരുന്നില്ല. മറ്റ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽനിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. പൊതുമരാമത്തുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് രേഖകൾ പ്രകാരം ആകെ 16 പുതിയ മരാമത്ത് പ്രോജക്റ്റുകൾക്ക് മാത്രമേ നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നുള്ളൂ. . നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിൽ പൂർത്തീകരിക്കുന്നതിന് പ്രോജക്റ്റ് റിപ്പോർട്ടുകളിൽ സമയപട്ടിക നിശ്ചയിച്ചിരുന്നില്ല. കൂടാതെ വിവിധ പ്രോജക്റ്റുകളുടെ മോണിറ്ററിങ്ങും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ കാര്യക്ഷമമായി നിർവ്വഹിച്ചതായി കാണുന്നില്ല.

## സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

## ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ നിശ്ചയിക്കുക, എന്നീ ചുമതലകൾ ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി തൃപ്തികരമായി നിശ്ചയിക്കുന്നുവെങ്കിലും പദ്ധതി കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നില്ലായെന്ന് കാണുന്നു. പൊതുഭരണം മെച്ചപ്പെടുത്തുക ബന്ധപ്പെട്ട് നൂതന പ്രോജക്റ്റുകളൊന്നും ആവിഷ്ക്കരിച്ചിരുന്നില്ല.

## വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ, കരാറുകാർ എന്നിവരെ വെവ്വേറെ യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്.

## ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

വനിതാ വികസനം, പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, വൃദ്ധർ, കുട്ടികൾ എന്നിവയുമായി ബന്ധപ്പെട്ട നൂതന പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടായിട്ടില്ല. സാമൂഹ്യ ക്ഷേമ പെൻഷൻ അപേക്ഷകളുടെ പരിശോധന മാത്രമായി സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പ്രവർത്തനം ചുരുങ്ങാതെ നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും ഇടപെടൽ ഉണ്ടാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ യോഗങ്ങളിൽ ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾക്ക് നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ്ബുക്ക് ക്ലോസ് ചെയ്തിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പുമായി പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും കൂടിയിട്ടുണ്ട്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 9356 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 11132915 | 11965747 |
| | ക്യാഷ് വരവ്(പലിശ ഉൾപ്പടെ) | 832832 | |
| ആകെ | | | 11975103 |
| ചെലവ് | ഗുണഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് നേരിട്ട് | 11132915 | 11582087 |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 449172 | |
| നീക്കിയിരിപ്പ് | | | 393016 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12481536 | 723 |
| വിധവാപെൻഷൻ | 27186538 | 788 |
| വാർദ്ധക്യകാലപെൻഷൻ | 57880210 | 1434 |
| വികലാംഗപെൻഷൻ | 7641930 | 288 |

| | | |
|---|---|---|
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 1255690 | 46 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 240000 | 8 |
| തൊഴിൽരഹിത വേതനം | 28080 | 49 |

## 1-9 ക്യാഷ് പരിശോധന

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2018 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫിസ് ക്യാഷ്യറുടെയും അസി. സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 14,169/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാനവൽ ഭാഗം 1 അനുബന്ധം ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യാവലി അടാസ്ഥാനമാക്കി വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് തയ്യാറാക്കി ഉദ്യോഗസ്ഥരുടെ ജോലി വിഭജനം നടത്തി ചുമതലകൾ നൽകിയിരുന്നുവെങ്കിലും സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട അടിസ്ഥാന/അനുബന്ധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, ഫയലുകളുടെ സൂക്ഷിപ്പ്, മേൽനോട്ട സംവിധാനം എന്നിവ വിലയിരുത്തിയതിൽഗ്രാമ പഞ്ചായത്തിലെ സ്ഥിതി തികച്ചും ശോചനീയമാണെന്ന് കാണുന്നു. ആവർത്തനചെലവുകളുടേയും കണ്ടിൻജന്റ് ചെലവുകളുടേയും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ അടിസ്ഥാന വിവരങ്ങളായ പെർമിറ്റ് ഫീസ്, ഫ്ലോർ എരിയ, പൂർത്തീകരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രേഖാമൂലം ആവശ്യപ്പെട്ടിട്ടും കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമായില്ല- ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ സംബന്ധിച്ചുള്ള യാതൊരു വിവരങ്ങളും സിവിൽ സ്യൂട്ട് രജിസ്റ്ററിൽ നിന്നും ലഭ്യമാവുന്നില്ല. പഞ്ചായത്തിലെ സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരം സ്ഥിരമായി സൂക്ഷിക്കുന്ന

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ വിവിധ വാല്യങ്ങളായി സ്ഥിരമായി സൂക്ഷിക്കേണ്ടതും സെക്രട്ടറിമാർ ചാർജ് കൈയൊഴിയുമ്പോഴും ഏറ്റെടുക്കുമ്പോഴും രേഖാമൂലം കൈമാറേണ്ടതുമാണ്.ഓഫീസിലെ ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നൽകുകയോ ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.പല ഫയലുകളിലും കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ കുറിപ്പുകൾ രേഖപ്പെടുത്തുകയോ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ റിമാർക്ക് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പല വിഷയങ്ങളിലും സെക്രട്ടറി തന്നെ കുറിപ്പുകൾ രേഖപ്പെടുത്തി തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കാണുന്നു. വസ്തുനികുതി അസസ്സ്മെന്റ് ഫയലിൽ സൈറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുള്ളതായോ കംപ്ലീഷൻ പ്ലാൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതായോ കാണുന്നില്ല. പെർമിറ്റിൽ നിന്നും വ്യതിചലനം ഉണ്ടാകുന്ന കേസുകളിൽ റഗുലറൈസേഷൻ ഫീ ഈടാക്കുന്നതിൽ വീഴ്ച്ച ഉണ്ടായതായും കാണുന്നു. മാത്രമല്ല ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാതെ തന്നെ വസ്തുനികുതി അസസ്മെന്റ് നടത്തുന്നതായും ഭാഗികമായ പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി ചുമത്തിയതായും കാണുന്നു. മറ്റ് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോവുന്ന ഉദ്യോഗസ്ഥർ അവർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ പകരക്കാരന് കൈമാറ്റം ചെയ്യാതെ തന്നെ വിടുതൽ ചെയ്യുന്ന സാഹചര്യവുമുണ്ട്. ഈ സ്ഥിതിവിശേഷങ്ങൾ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ചകളിലേക്ക് വിരൽ ചൂണ്ടുന്നു. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കൂട്ടായ ശ്രമം ഉണ്ടായാൽ മാത്രമേ ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം ഉണ്ടാവുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.09.2018 | 2018-19 | ലഭിച്ചിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.6.2016 മുതൽ 23.6.2016 വരെ | 2011-12 മുതൽ 2015-16 വരെ | 31.08.2016 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 186003015 രൂപയും ചെലവ് 173601462 രൂപയും തൻവർഷ പ്രവർത്തന മിച്ചം 12401553 രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 104259329.99 രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 51304778 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 52954551.99 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിന്റെ(നം.799011400002821) സ്ക്രോൾ പ്രകാരം 31.03.2018 ലെ നീക്കിയിരിപ്പ് 2,53,264 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം പ്രസ്തുത അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 1,25,338 രൂപയാണ്. വ്യത്യാസം സംബന്ധിച്ച പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

5. സംയുക്ത പ്രോജക്ടുകൽക്കുള്ള ബ്ലോക്ക് വിഹിതം യതാർത്ഥ നീക്കിയിരിപ്പ് 1475379 രൂപയാണ്.

6. വിധവകളുടെ മക്കളുടെ വിവാഹധനസഹായം ഇനത്തിൽ 240000 രൂപ വരവും ചെലവും ഉള്ളതാണ്. എന്നാൽ ഇത് രസീത് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

7. തൊഴിലില്ലായ്മ വേതനം ഇനത്തിൽ 49,080 രൂപ ലഭിച്ചതിൽ 28,080 രൂപ ചെലവഴിച്ചിട്ടുണ്ട്. (RP-19). ടി തുക വരവായി എടുത്തിട്ടില്ല. ബാലൻസ് തുകയായ 21,000 രൂപ റീഫണ്ട് ചെയ്തിട്ടുണ്ടെങ്കിലും ടി തുക ചെലവിനത്തിൽ റീഫണ്ട് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ജനറൽ പർപ്പസ് ഫണ്ട് ACR പ്രകാരം ആകെ വരവ് 1,30,10,912 രൂപയാണ്. എന്നാൽ RP 7 പ്രകാരം ആകെ വരവ് 1,29,80,000 രൂപയാണ്. 30,912 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ടി തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

9. ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ അക്കൗണ്ടിൽ 31.3.18ലെ ബാലൻസ് തുകയായ 5,655 രൂപ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. ഗുണഭോക്തൃ വിഹിതമിനത്തിലെ 36,530 രൂപ RP 7 ൽ 160300206 ഹെഡിൽ റവന്യൂ വരവായി ഉൾപ്പെടുത്തിയിരിക്കുന്നു. ആയത് RP31 ,ഷെഡ്യൂളിൽ 3 ൽ തുടങ്ങുന്ന ബാധ്യത ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

11. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി പാർട്ട്ബിൽ ആയി 17,57,605 രൂപ നൽകിയിട്ടുണ്ടെങ്കിലും ടി തുക B-11(a)യിൽ capital work in progressൽ ഉൾപ്പെട്ടിട്ടില്ല.

12. ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയത് സ.ഉ.(കൈ)നം.212/ തസ്വഭവ 6.8.12 പ്രകാരമല്ല. Buildings, Public lighting, Movable assets (Furniture, office equipments) എന്നിവയ്ക്ക് തൻവർഷം ആർജ്ജിച്ച ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

13. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

14. പ്രോജക്ട് നം. 152/17-18 പ്രകാരം പി ഡബ്ല്യു ഡിയിൽ നിക്ഷേപിച്ചിട്ടുള്ള 5,80,000 രൂപ ബി-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റായി ഉൽപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്,തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക

കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പ്രത്യേക ആവശ്യത്തിനു ലഭിച്ച ഫണ്ടുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ പ്രത്യേക ആവശ്യങ്ങൾക്കു ലഭിച്ച ഫണ്ടുകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് ശീർഷകം , ഇനം | തുക | തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | 320100103- ഹരിയാലി | 2,14,113 | എവിടെ നിക്ഷേപിച്ചിരിക്കുന്നു എന്ന വ്യക്തമല്ല |
| 2 | 320700205- ജില്ലാ പഞ്ചായത്ത് വിഹിതം | 1,56,300 | തനത് ഫണ്ട്- ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക്, അക്കൗണ്ട് നം. 145 |
| 3 | 320700204- ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,22,000 | തനത് ഫണ്ട്- ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക്, അക്കൗണ്ട് നം. 145 |

ഹരിയാലി എന്ന ഇനത്തിൽ 2,14,113 രൂപ 2012-13 വർഷം മുതൽ തന്നെ ബാധ്യതയായി സാംഖ്യയിൽ രേഖപ്പെടുത്തിയിരിക്കുന്നതാണെന്നാണ് പരിശോധനയിൽ വ്യക്തമായത്. ഇത് ഏത് ആവശ്യത്തിന് ലഭിച്ചതാണെന്ന് അന്വേഷിച്ച് കണ്ടെത്തി അറിയിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് വിഹിതമായുള്ള 1,56,300 രൂപ 2016-17 വർഷം 89/17- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിനു ലഭിച്ച 2,11,550 രൂപയിൽ ചെലവഴിച്ചതിനുശേഷം ബാക്കിയുള്ളതും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായുള്ള 2,20,000 രൂപ 2016-17 വർഷം 139/17- ഖരമാലിന്യ പരിപാലനം എന്ന പ്രോജക്ടിനു ലഭിച്ച 3,00,000 രൂപയിൽ ചെലവഴിച്ചതിനുശേഷം ബാക്കിയുള്ള തുകയുമാണ്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 അനർട്ടിൽ നിന്നും ലഭിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ച തുക-വിനിയോഗം സംബന്ധിച്ച് വ്യക്തതയില്ല

അനർട്ടിൽ നിന്നും തൻവർഷം 4,18,000 രൂപ 27.06.2017 ലെ ഡി.ഡി നം.142989പ്രകാരം ലഭിക്കുകയും ആയത് തനത് ഫണ്ടിൽ 01.07.2017ൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. അനർട്ടിൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിച്ചത് എന്നാണ് സാംഖ്യ രസീതിൽ(117010400001, 01.07.2017) രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ഏത് വർഷം നൽകിയതാണെന്നും ഏത് ഫണ്ടിൽ നിന്നും നൽകിയതാണെന്നും വ്യക്തമല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26)മറുപടി നൽകിയില്ല. പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നും നൽകിയതാണെന്ന് കണ്ടെത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ എസ് ബി റ്റി- സാക്ഷരത എന്ന ഒരു ബാങ്ക് അക്കൗണ്ട്(നം.57012821502) നിലവിലുള്ളതായി കണ്ടു. ഇതിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 24.04.2015 നു ശേഷം ഇതിൽ പലിശ മാത്രം വരവു വന്നിട്ടുള്ളതും മറ്റ് ഇടപാടുകളൊന്നുമില്ലാത്തതുമാണ്. 31.03.2018 ലെ നീക്കിയിരിപ്പ് 6,67,715 രൂപയാണ്. ഇതിൽ നിക്ഷേപിച്ചിരുന്നത് ഏത് ഇനത്തിലുള്ള തുകയാണെന്ന് കണ്ടെത്തുന്നതിനും അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായതുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. 2017-18 വർഷം ഇടെൻഡർ നടത്തിയ അടങ്കൽ 10.66ലക്ഷം രൂപയായുള്ള പ്രോജക്റ്റ് നം 120/18 വക്കച്ചൻപടി-ക്രിസ്തുജ്യോതി റോഡ് കോൺക്രീറ്റിങ്ങിനായി 2 കരാറുകാർ നൽകിയ ടെൻഡർ ഫീസുകൾ കോട്ടയം ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. കൂടാതെ മുൻവർഷങ്ങളിലെ (2016-17 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) ടെൻഡർ ഫീ തുകകളും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനുണ്ട്.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15.10.2018 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം.2)യ്ക്ക് മറുപടി ലഭ്യമായില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5-1 വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി( നം.8)നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിട്ടില്ല.

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും ) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം അടിസ്ഥാനവസ്തുനികുതിനിരക്ക് നിശ്ചയിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള ദിനപത്രത്തിൽ പരസ്യം നൽകിയതിന്റെ

വിവരങ്ങൾ, ചട്ടം 4(4) പ്രകാരം സെക്രട്ടറി, അന്തിമവിജ്ഞാപനം ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ സഹിതം അടിസ്ഥാന വസ്തുനികുതിനിരക്കുകൾ അന്തിമവിജ്ഞാപനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ .

2. മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 27,28 എന്നിവ പ്രകാരം സേവന ഉപനികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ .

3. 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1' സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , 3.മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4.ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിവരങ്ങൾ .

മുകളിൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 2-5-2 കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അവ്യക്തത.

ഗ്രാമപഞ്ചായത്തിന്റ നാലാം വാർഡിൽ തോമസ് പി.ജെ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2017-18 വർഷം വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട ഫയലിൽ കെട്ടിടത്തിന്റെ അംഗീകൃത കംപ്ലീഷൻ പ്ലാൻ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കെട്ടിടത്തിന്റെ തറവിസ്തീർണത്തിന്റെ കൃത്യത വ്യക്തമല്ല. വസ്തുനികുതി നിർണ്ണയരജിസ്റ്ററിൽ ഈ കെട്ടിടത്തിന്റെ തറവിസ്തീർണം 399 ച.മീറ്റർ എന്ന് രേഖപ്പെടുത്തുകയും 300 ച.മീറ്ററിന് നികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതിനിർണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിനായി കെട്ടിടത്തിന്റെ അംഗീകൃത

കംപ്ലീഷൻ പ്ലാൻ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.7)മറുപടി ലഭ്യമാക്കിയില്ല.വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് .

### 2-5-3 കെട്ടിടത്തിന്റെ ഉപയോഗക്രമം നിശ്ചയിച്ചതിലെ അപാകത .

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന ബാങ്ക് കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ടി കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാനനികുതി നിരക്ക് ചുമത്തി വസ്തുനികുതി നിർണയിച്ചതായി കാണുന്നു. വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതിനിരക്ക് ച.മീറ്ററിന് 30 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്ക് ച.മീറ്ററിന് 50/- രൂപയുമാണ്.

| ക്രമ നം | കെട്ടിടത്തിന്റെ നമ്പർ, പേര് | തറവിസ്തീർണം |
|---|---|---|
| 1 | 3/5/A,തുരുത്തി സർവ്വീസ് സഹകരണ ബാങ്ക് | 172 ച.മീ |
| 2 | 11/280/A, ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക് | 150ച.മീ |
| 3 | 11/280/B, ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക് | 67ച.മീ |
| 4 | 11/280/C, ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക് | 33ച.മീ |
| 5 | 11/280/D. ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക് | 131ച.മീ |
| 6 | 11/280/E, ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക് | 74ച.മീ |

ഈ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് നികുതി നിർണയത്തിലെ അപാകത പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.16) മറുപടി

ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വസ്തുനികുതി പുനർനിർണയിച്ച്, ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 2-5-4 സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയുടെ അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിക്കാതെ നികുതി നിർണയം നടത്തി

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 8 കെട്ടിടങ്ങളെ സ്വകാര്യഹോസ്റ്റൽ , ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്രമീറ്ററിന് 30/- രൂപ അടിസ്ഥാനവസ്തുനികുതിനിരക്ക് ചുമത്തി വസ്തുനികുതി നിർണയിച്ചതായി കാണുന്നു. എന്നാൽ ഇപ്രകാരം അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിന് 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/ തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 2-5-5 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

പഞ്ചായത്ത് പരിധിയിലുള്ള 12 മൊബൈൽ ടെലഫോൺ ടവറുകളുടെയും വസ്തുനികുതി കുടിശ്ശികയുള്ളതായി "സഞ്ചയ" സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം./ കെട്ടിട നം. | ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ പേര് | നികതി കുടിശ്ശികയായ വർഷങ്ങൾ |
|---|---|---|---|
| 1 | 3/271/A | ഭാരത് ഇൻഫ്രാടെൽ | 08-09 മുതൽ |

| | | | |
|---|---|---|---|
| 2 | 3/300/B | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 10-11 മുതൽ |
| 3 | 3/300/C | വോഡഫോൺ | 11-12 മുതൽ |
| 4 | 4/200/A | വയലെസ് ഐറ്റി | 13-14 മുതൽ |
| 5 | 4/491/A | ഡിഷ് നെറ്റ് | 12-13 മുതൽ |
| 6 | 9/137/A | എസ്സാർ ടെലികോം | 13-14മുതൽ |
| 7 | 9/155/A | എയർസെൽ | 13-14 മുതൽ |
| 8 | 15/200/B | വോഡഫോൺ | 12-13 മുതൽ |
| 9 | 15/474/A1 | റെലിൻസ് | 11-12 മുതൽ |
| 10 | 15/487/A | ടവർ വിഷൻ | 11-12 മുതൽ |
| 11 | 16/522/A | WITIL | 08-09 മുതൽ |
| 12 | 13/414/C | ബി.എസ്.എൻ.എൽ | 13-14മുതൽ |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-5-6 യു.എ നമ്പർ നൽകി വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങളുടെ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ ഏതാനും കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി നിർണയിച്ചതായി ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) മറുപടി ലഭ്യമാക്കിയില്ല. യു.എ നമ്പർ

നൽകി വസ്തുനികുതി നിർണയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും യു.എ നമ്പർ നൽകി വസ്തുനികുതി നിർണയിച്ച എല്ലാ കെട്ടിടങ്ങളുടെയും 2017-18 വർഷത്തെ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 2-5-7 വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ 7771503/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ഭീമമായ തുക കുടിശ്ശികയായതിന് വിശദീകരണവും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5-8 ബിൽഡിംഗ് പെർമിറ്റ്, വസ്തുനികുതി നിർണ്ണയം-ഫയലുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച

2017-18 വർഷം, ബിൽഡിംഗ് പെർമിറ്റ്, വസ്തുനികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട 33 ഫയലുകൾ ഓഡിറ്റ് റിക്വിസിഷൻ നം.4 പ്രകാരം ആവശ്യപ്പെട്ടെങ്കിലും 10ഫയലുകൾ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ലഭ്യമാക്കാത്ത ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2017-18 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ ചുവടെ ചേർക്കുന്ന ഫയലുകൾ ലഭ്യമാക്കേണ്ടതാണ്.

1. C3/3198/17 – II/487 B, C, D, E
2. C3/7665/17 – IV/177A1
3. C3/118/18 – IV/380-A
4. C3/27241 – IV/171B
5. C3/8306/17 – VII-248A
6. C3/2313/18 – VII/363-B
7. C3/6580/18 – IX/265A
8. C3/9508/17 – IX-141A
9. C3/10764 – IX-326B1 B2
10. C3/1501/18 – IX-271A
11. C3/7075/18 – X/177A

12. C3/2435/17 – XVI/542E
13. C3/10674/17 – XVI/346A
14. C3/8759/15 – XVI-474A
15. C3/8849/17 – XVIII-272
16. C3/6953/17 – XIII-115 J, K, L,M,N,O,P,Q,R,S
17. C3/2165/18 – XIII/437 A, B
18. C3/8691/17 – XII/285B

2017-18 വർഷം ബിൽഡിംഗ് പെർമിറ്റ് നൽകി ചുവടെ ചേർക്കുന്ന ഫയലുകൾ ലഭ്യമാക്കേണ്ടതാണ്.

1. 6590/17 , 21.07.17
2. 6743/17 , 27.07.17
3. 8571/17, 03.10.17
4. 4457/17 – 09.05.17
5. സി3-10954, 26.12.17

ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് ഉത്തരവാദിയായ സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ഭരണതലനടപടികളിലൂടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6-1 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 16 -ാം വാർഡിൽ ഗോവെന്ദ പ്രയോർ, എസ്.എച്ച് മൊണാസ്റ്ററി എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്പെഷ്യൽ റെസിഡെൻഷ്യൽ (ഹോസ്റ്റൽ) ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 2017-18 വർഷം 2 പെർമിറ്റുകൾ നൽകിയതുൾപ്പെടെ ആകെ 4 പെർമിറ്റുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം/തീയതി | തറവിസ്തീർണം |
|---|---|---|
| 1 | 1273/15, 9.4.15 | വ്യക്തമല്ല. |
| 2 | C3/3721/16, 18.6.16 | 2214.30 |
| 3 | C9.1592/17, 15.7.17 | 1483.63 |

| | | |
|---|---|---|
| 4 | C7.BA.15785/18, 28.10.17 | 1489.78 |

1. ഈ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയപ്പോൾ കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015ാം നം സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഈ സർക്കുലറിലെ 4-ാമത്തെ നിർദേശമായ കെട്ടിടനിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കണമെന്നും ഇവയിൽ രേഖപ്പെടുത്തലുകൾ ഫയൽ സംബന്ധമായ വിവരങ്ങൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ ,പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കണമെന്ന നിർദേശം പാലിച്ചിട്ടില്ല.

2.സർക്കുലറിലെ 6-മത്തെ നിർദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ,വിസ്തീർണം ,കെട്ടിടത്തിന്റെ കൈവശഗണം / ഉപയോഗം, വിസ്തീർണം,എഫ്,എ.ആർ.,നിലകളുടെ എണ്ണം ,കവറേജ് ,പാർക്കിംഗ് ,നിർദ്ദിഷ്ടനിർമ്മാണം കെട്ടിടനിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൌകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷം പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട ഫയലിൽ ഇപ്രകാരമുള്ള വിശദമായ റിപ്പോർട്ടില്ല.

3.സർക്കുലറിലെ 20-ാമത്തെ നിർദ്ദേശം എന്നത് നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ നമ്പർ ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒരേ സ്ഥാനത്ത് സാധുവായ രണ്ടു പെർമിറ്റുകൾ ഒരേ സമയം ഉണ്ടാകുവാൻ പാടുള്ളതല്ലെന്നും ആവശ്യമുള്ളപക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമെ പുതിയ പെർമിറ്റ് നൽകാവു എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

4.ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലഭിച്ച അനുമതി ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതകളിന്മേൽ അടിയന്തിരമായി വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(നം.18) മറുപടി തൃപ്തികരമല്ല.
അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6-2 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

1. ഗ്രാമപഞ്ചായത്തിലെ 2017-18 വർഷം ബിൽഡിംഗ് പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ പെർമിറ്റ് ഫീസായി ഈടാക്കിയ തുകയുടെ വിവരം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ കൃത്യത വ്യക്തമല്ല. 2017-18 വർഷം പെർമിറ്റ് നൽകിയ എല്ലാ കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ,പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ മറ്റ് രേഖപ്പെടുത്തലുകൾ എന്നിവ നടത്തി പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 )മറുപടി ലഭ്യമാക്കിയില്ല.

2.കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഈടാക്കിയ ക്രമവൽക്കരണഫീസിന്റെ കൃത്യത വ്യക്തമല്ല. 2017-18 വർഷം ക്രമവൽക്കരണം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമാക്കിയില്ല. 2017-18 വർഷത്തെ പെർമിറ്റ് രജിസ്റ്റർ, ക്രമവൽക്കരണ രജിസ്റ്റർ എന്നിവ പൂർണമാക്കി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 2-6-3 ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ അപാകത

ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ ജോഷി ജോസഫ് , ജോജി ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2017-18 വർഷം നൽകിയ പെർമിറ്റുമായി (നം.സി-7- ബി.എ(74499)/2017 തീ.30.11.2017, തറവിസ്തീർണം- 262.06 ച.മീ) -ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സെക്രട്ടറി അംഗീകരിച്ച പെർമിറ്റ് പ്ലാൻ ഫയലിലില്ല. ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന പ്ലാനിലെ ഫസ്റ്റ് ഫ്ലോറിന്റെ പ്ലിന്ത് എരിയ -117.88ച.മീഎന്ന് ഡ്രോയിംഗിന്റെ താഴെയും ഏരിയ സ്റ്റേറ്റ്മെന്റിൽ 123.07ച.മീ എന്ന് രേഖപ്പെടുത്തിയിരുന്നത് തിരുത്തി 138.09 ച.മീ എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

പെർമിറ്റ് നൽകിയിരിക്കുന്നത് തിരുത്തിയ വിസ്തീർണത്തിനാണ്. ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന അപേക്ഷ പ്രകാരം 237.61 ച.മീ(GF-121.85 M2, FF-115.7M2)നാണ് പെർമിറ്റിന് അപേക്ഷിച്ചിരിക്കുന്നത്. 237.61 ച.മീറ്റർ വിസ്തീർണത്തിനുള്ള അപേക്ഷയിന്മേൽ 262.06 ച.മീറ്ററിന് പെർമിറ്റ് നൽകിയ സാഹചര്യം വ്യക്തമല്ല.

2.ഈ കെട്ടിടത്തിന് പെർമിറ്റ് നൽകിയപ്പോൾ കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015ാം നം സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഈ സർക്കുലറിലെ 4-മത്തെ നിർദേശമായ കെട്ടിടനിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കണമെന്നും ഇവയിൽ രേഖപ്പെടുത്തലുകൾ ഫയൽ സംബന്ധമായ വിവരങ്ങൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ ,പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കണമെന്ന നിർദേശം ഇവിടെ പാലിച്ചിട്ടില്ല.

3.സർക്കുലറിലെ 6-ാമത്തെ നിർദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ,വിസ്തീർണം ,കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, , വിസ്തീർണം,എഫ്,എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ടനിർമ്മാണം കെട്ടിട നിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരം പാലിച്ചിട്ടില്ല. ആയതിനാൽ കെട്ടിടനിർമ്മാണം 2011 ലെ കെ.പി.ബി.ആർ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോയെന്ന് വ്യക്തമല്ല.

വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 2-6-4 കെട്ടിടനിർമ്മാണപെർമിറ്റ് നൽകിയതിന്റെ അധികവിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പതിനഞ്ചാം വാർഡിൽ മീനാക്ഷി റാംജി, സൗപർണിക പ്രോജക്ട്സ് &ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാർപ്പിടാവശ്യത്തിനുള്ള അപ്പാർട്ട്മെന്റിന് 6.7.2017 ലെ സി-3 -7878/16 -ാം നമ്പരായി ബിൽഡിംഗ് പെർമിറ്റും 14.3.17 ലെ c3-7877/16-ാം നമ്പരായി ഡെവലപ്മെന്റ് പെർമിറ്റും നൽകിയിട്ടുണ്ട്. ഡെവലപ്മെന്റ് പെർമിറ്റിലെ വ്യവസ്ഥകൾക്ക് വിധേയമാണോ ഭൂവികസനം നടത്തിയതെന്ന് പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കെട്ടിടത്തിന്റെ തറവിസ്തീർണാനുപാതം നിർദ്ദിഷ്ട പരിധിയിൽ അധികരിച്ചതിനാൽ അധികഫീസ് ഈടാക്കിയാണ് പെർമിറ്റ് നൽകിയത്. എന്നാൽ തറവിസ്തീർണം, പ്ലോട്ട് വിസ്തീർണം, തറവിസ്തീർണാനുപാതം എന്നിവ സംബന്ധിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പതിനാറ് നിലകളുള്ള ഈ കെട്ടിടത്തിന്റെ ഓരോ നിലയുടെയും തറവിസ്തീർണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. പെർമിറ്റ് ഫീസ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37) മറുപടി ലഭ്യമാക്കിയില്ല. തറവിസ്തീർണാനുപാതത്തിന്റെ കൃത്യത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-6-5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച 12900/ആർ.എ1/2015/തസ്വഭവ തീയതി 02.12.15-ാം നമ്പർ സർക്കുലറിലെ ക്രമ നം.1 പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ലെന്ന് പരിശോധനയിൽ വ്യക്തമായി. ആയതിനാൽ പെർമിറ്റ് നൽകുന്നതിൽ നിർദ്ദിഷ്ട സമയക്രമം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. മേൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2017-18 ഒന്നാം അർദ്ധവർഷം തൊഴിലുടമകൾ സമർപ്പിച്ച തൊഴിൽ നികുതി പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. രണ്ടാം അർദ്ധവർഷ പത്രികകൾ , ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനത്തിന് അനുസൃതമായി ഒടുക്കിയിട്ടില്ല.

| **സ്ഥാപനത്തിന്റെ പേര്** | **ജീവനക്കാരുടെ പേര്,തസ്തിക** | **അർദ്ധവർഷ വരുമാനം** | **ഈടാക്കേണ്ട നികുതി** | **ഈടാക്കിയ നികുതി** | **കുറവ്** |
|---|---|---|---|---|---|
| ആശീർവാദ് മൈക്രോ ഫിനാൻസ് ലിമി. | വിഷ്ണു.സി.ബാബു,ഫീൽഡ് ഡെവലപ്പ്മെന്റ് ഓഫീസർ | 9706x6=58236 | 450 | 180 | 270 |
| മിനി മുത്തൂറ്റ് നിധി ലിമി. | വിജയമ്മ.കെ.പി, ബ്രാഞ്ച് ഹെഡ് | 15100x6=90600 | 750 | 120 | 630 |
| | മഹേഷ് മംഗളൻ, ബ്രാഞ്ച് എക്സിക്യൂട്ട് | 12500x6=75000 | 750 | 120 | 630 |
| | സൗമ്യ ആന്റണി, അസി.ബ്രാഞ്ച് ഹെഡ് | 14000x6=84000 | 750 | 120 | 630 |
| M/s.Canara paper mill pvt Ltd. | ജോമോൻ.പി.സി | 126684 | 1250 | 1000 | 250 |
| സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിംഗ്,ചെത്തിപ്പുഴ | മരിയ.പി.ജോയ്, ക്ലിനിക്കൽ ഇൻസ്ട്രക്ടർ | 90600 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| | റിജോ എൻ വർഗ്ഗീസ്,അസി.പ്രൊഫസർ | 162000 | 1250 | 750 | 500 |
| | ജിൻസി ജോസ്, അസി.പ്രൊഫസർ | 162000 | 1250 | 750 | 500 |
| ടോംസ് പൈപ്പ്സ് പ്രൈ.ലിമി. | ഷെമി.പി.ഖാദർ,കസ്റ്റമർ കെയർ യൂണിറ്റ് | 104172 | 1000 | 750 | 250 |
| | ബുലേന്ദ്ര ഹോവി,ഹെൽപ്പർ | 46104 | 450 | 300 | 150 |
| | ബിജിത്ത് ഹാൻഡിക്,ഹെൽപ്പർ | 46104 | 450 | 300 | 150 |
| പ്ലാസിഡ് വിദ്യാ വിഹാർ സീനിയർ സെക്കന്ററി സ്ക്കൂൾ | സിറിൻ.കെ.ചെറിയാൻ, സൂപ്പർവൈസർ | 76633 | 750 | 450 | 300 |
| CNKഹോസ്പിറ്റൽ | മെൻസി വർഗ്ഗീസ്,സ്റ്റാഫ് നഴ്സ് | 77175 | 750 | 600 | 150 |

3. ഒന്നാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| **സ്ഥാപനത്തിന്റെ പേര്** | **ഒന്നാം അർദ്ധവർഷം ഈടാക്കിയ തുക** |
|---|---|
| AMCO റബർ ഇൻഡസ്ട്രീസ് | 2250 |
| ട്രാൻസ്മിഷൻ സബ് ഡിവിഷൻ,ചങ്ങനാശ്ശേരി | 3750 |
| മെഡിക്കൽ ഓഫീസർ, ആയുഷ് (ഹോമിയോ) | 1430 |

4. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി 2 അർദ്ധവർഷങ്ങളിലും ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

| **സ്ഥാപനത്തിന്റെ പേര്** | **ഈടാക്കാത്ത അർദ്ധ വർഷം** |
|---|---|
| എസ്.ബി.ഐ, ഐ.ഇ നഗർ | 1 |
| എസ്.ബി.ഐ, തുരുത്തി | 1 |
| മിനി മുത്തൂറ്റ് നിധി ലിമി.,തുരുത്തി | 1,2 |
| മുത്തൂറ്റ് ഫിൻകോർപ്പ് | 1,2 |
| കാനറ ബാങ്ക് ,വേരൂർ | 2 |
| കാനറ ബാങ്ക്,ചെത്തിപ്പുഴ | 1,2 |
| ചീരംചിറ സർവീസ് കോപ്പറേറ്റീവ് ബാങ്ക്- ഹെഡ് | 1,2 |
| ചീരംചിറ സർവീസ് കോപ്പറേറ്റീവ് ബാങ്ക്- വക്കച്ചംപടി | 1,2 |
| ചീരംചിറ സർവീസ് കോപ്പറേറ്റീവ് ബാങ്ക്- കുരിശുംമൂട് | 1,2 |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 1,2 |
| തുരുത്തി സർവീസ് കോപ്പറേറ്റീവ് ബാങ്ക്-നം.1486 | 1,2 |

| | |
|---|---|
| ഫെഡറൽ ബാങ്ക് | 1,2 |
| മുത്തൂറ്റ് ഫിനാൻസ് ലിമി,കുരിശുംമൂട് | 1,2 |

5. കാനറ പേപ്പർമിൽസ് ,പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 180 ജീവനക്കാർ ജോലിചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ , തൊഴിലുടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം 87 പേരുടെ നികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

6. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| **സ്ഥാപനത്തിന്റെ പേര്** | **ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം** |
|---|---|
| മാതാ ഏജൻസീസ്,കുരിശുംമൂട് | 3 |
| ജിയോ ഗ്രാഫിക്സ് | 2 |
| എക്സ്പ്രോ ഫുഡ്സ് ഇന്ത്യാ പ്രൈവറ്റ് ലിമി. | 2 |
| മദർ കെയർ ഫുഡ്സ്, കുരിശുംമൂട് | 4 |
| MGF Hyundai | 45 |

| | |
|---|---|
| ഏവീസ് പുട്ട്,ചങ്ങനാശ്ശേരി | 20 |
| ടെക് സോഫ്റ്റ്, കുരിശുംമൂട് | 4 |
| ജോഷ്വി കാറ്ററിംഗ് & ഫാസ്റ്റ് ഫുഡ് | 5 |
| അക്ബർ & സൺസ് ഗാർമെന്റ്സ് | 4 |
| അനശ്വര ആയുർവേദ ആശുപത്രി | 5 |
| MHM ഹോം മെയ്ഡ് | 4 |
| ആന്റോസ് ഗിഫ്റ്റ് ഹൗസ് | 5 |
| ഇൻഡസ് മോട്ടോർ കോ (പ്രൈ) ലിമിറ്റഡ് | 5 |
| വലിയറ ഗ്രൂപ്പ് | 2 |
| അന്ന ഇന്റീരിയേഴ്സ് | 3 |
| Sys G Technologies | 3 |
| തോംസൺ പ്ലാസ്റ്റ് ,തെങ്ങണ | 7 |
| ന്യൂ മാരുതി ഓട്ടോ മൊബൈൽസ് | 3 |
| മരിയ പേപ്പർ പ്രൊഡക്ട്സ് | 3 |
| കളരിക്കൽ സ്റ്റോഴ്സ് | 4 |

| | |
|---|---|
| സ്നേഹ പേപ്പർ പ്രൊഡക്ട്സ് | 3 |
| ട്രാവൻകൂർ ഹാർഡ് വെയേഴ്സ് | 4 |
| സി.ജെ. ഏജൻസീസ് | 2 |
| സിൽവർ സ്കൈ ഗ്രൂപ്പ് | 7 |
| പാലത്ര മോട്ടോഴ്സ് | 5 |
| ഫിറാനോ എന്റർപ്രൈസസ് | 5 |
| പെപ്പർമിന്റ് ഡിസൈനർ അണ്ടർ സേഫ് സെവൻ സെക്യൂരിറ്റി സിസ്റ്റംസ് പ്രൈവറ്റ് ലിമി. | 3 |
| റെജീസ് ഡിജിറ്റൽ സ്റ്റുഡിയോ ,ചങ്ങനാശ്ശേരി | 4 |
| അഭിലാഷ് ഫ്യൂവൽസ് ,തെങ്ങണ | 6 |
| സിഗ്മ ഇലക്ട്രിക്കൽസ്,വാഴൂ**ർ റോഡ്** | 3 |
| പാലത്ര ടെലികോം ഇൻഫ്രാ സ്ട്രക്ചർ പ്രൈ. ലിമി. | 18 |

| | |
|---|---|
| ജി മാക്സ് എഞ്ചിനീയറിംഗ് ,ചീരഞ്ചിറ | 4 |
| ട്രാവൻകൂർ ഗ്ലാസ് വേൾഡ്,വാഴൂർറോഡ് | 4 |
| ഗ്രാൻ ഗ്രൂപ്പ്സ് ഓഫ് കമ്പനീസ് ഓഫ് ട്രാവൽ & ടൂറിസം | 3 |
| ABS പ്ലാസ്റ്റിക് ,ചീരഞ്ചിറ | 3 |
| തോംസൺ ഫർണിച്ചർ | 6 |
| എന്റെ കട സൂപ്പർമാർക്കറ്റ് | 2 |
| അശ്വതി ഓട്ടോ മൊബൈൽസ് | 2 |
| സാവോ സ്റ്റീൽസ്,തുരുത്തി | 5 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നികുതി അടച്ചതിൽ കുറവ് വന്ന വ്യക്തികൾ / സ്ഥാപനങ്ങളിൻ നിന്നും നികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ചതായും തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകി. ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള നികുതികൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം, 1321 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും ഡി ആന്റ് ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത് 292 സ്ഥാപനങ്ങൾ മാത്രമാണ്. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 445 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റിൽ ആകെയുള്ള 21 വാർഡുകളിൽ 1, 8, 10, 11, 12 എന്നീ വാർഡുകളിൽ 15ൽ താഴെ കച്ചവടക്കാരും 17, 18 എന്നീ വാർഡുകളിൽ 8 വീതം കച്ചവടക്കാരും 19ൽ 4 ഉം 20ൽ 1ഉം 21 ൽ 5ഉം കച്ചവടക്കാർ വ്യാപാരം നടത്തുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ അപൂർണ്ണവും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതും പരിശോധനയിൽ വ്യക്തമായി. ആയതിനാൽ, ഭരണസമിതി, വാർഡ് മെമ്പർമാർ എന്നിവരുടെ സഹായത്തോടെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവിന് രേഖകളില്ല - 744000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശുചിത്വ മിഷനിൽ നിന്നും 7,44,000 രൂപ 2017-18 വർഷം ലഭിച്ചതായി കണ്ടു. ഇതിൽ 20.06.2017 ലെ ചെക്ക് നം. 489088 പ്രകാരം ലഭിച്ച 2,52,000 രൂപ ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിലും 4,92,000 രൂപ എസ് ബി ഐയിലുള്ള 57012825507 നമ്പരായുള്ള തനത് ഫണ്ട് അക്കൗണ്ടിലും 02.09.2017 ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായും പരിശോധനയിൽ വ്യക്തമായി. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൻ പ്രകാരം, ആകെയുള്ള 7,44,000 രൂപ 320100115 എന്ന അക്കൗണ്ട് ശീർഷകത്തിൽ വരവ് ചെയ്തിരിക്കുന്നതായും പ്രസ്തുത ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ആയത് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നതായും കാണുന്നു. എന്നാൽ പ്രസ്തുത ചെലവിനാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32) ഇത് ഒ ഡി എഫ് പദ്ധതിക്കായി 2016-17 വർഷം 104 ഗുണഭോക്താക്കൾക്ക് 12,000 രൂപ നിരക്കിൽ ആകെ 12,48,000/- രൂപ

തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നതിൽ ശുചിത്വ മിഷനിൽ നിന്നും റീഫണ്ട് ചെയ്ത് ലഭിച്ച തുകയാണെന്ന് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഇതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ 7,44,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവിനാധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പാർട്ട് ടൈം സ്വീപ്പർക്ക് അധികം തുക നല്കി

ജി.ഒ.(പി) നം.269/83/ജി.എ.ഡി14.09.1983 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് തുടക്കക്കാരായ കണ്ടിജന്റ് ജീവനക്കാർക്ക് നല്കുന്ന പ്രതിഫലത്തിന് ആനുപാതികമായി ദിവസ വേതനം (8200/30=273രൂപ)നല്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ, ദിവസവേതന വ്യവസ്ഥയിൽ നിയമനം നല്കിയ വ്യക്തിക്ക് ഉത്തരവിൽ പറഞ്ഞിരിക്കുന്ന തുകയേക്കാളും അധികം തുക നല്കി. വിശദവിവരം താഴെ കൊടുക്കുന്നു.

| **വൗച്ചർ നം./ തീയതി** | **അനുവദിക്കേണ്ട തുക** | **അനുവദിച്ച തുക** | **അധികം** |
|---|---|---|---|
| 21700243/1.07.17 | 24x273 =6552 | 24x328 =7872 | 1320 |
| 21700311/1.08.17 | 25x273=6825 | 25x328 =8200 | 1375 |
| 21700419/29.08.17 | 24x273=6552 | 24x328 =7872 | 1320 |
| 21700509/03.10.17 | 17x273=4641 | 17x328 =5576 | 935 |

| | | | |
|---|---|---|---|
| 21700575/1.11.17 | 23x273=6279 | 23x312 =7176 | 987 |
| 21700657/1.12.17 | 25x273=6825 | 25x312=7800 | 975 |
| 21700724/01.01.18 | 23x273=6279 | 23x312=7176 | 897 |
| 21700815/1.02.18 | 24x273=6552 | 24x312 =7488 | 936 |
| 21700895/01.03.18 | 22x273=6006 | 22x312 =6864 | 858 |
| ആകെ | | | 9603 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/25.10.2018) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നല്കിയ വ്യക്തിക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. അധികം നൽകിയ 9603/- രൂപ കൈപ്പറ്റിയ വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 തൊഴിൽ രഹിത വേതനം - അധിക തുക നൽകി

തൊഴിൽരഹിത വേതനം ഫയൽ , അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2017-18 വർഷം വൗച്ചർ നം.51700402 /24.08.17 പ്രകാരം 49,080/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ,താഴെപ്പറയും പ്രകാരം തുക അധികം നല്കിയതായി കാണുന്നു.

| വേതനം കൈപ്പറ്റിയ വ്യക്തിയുടെ | ജനന തീയതി | അവസാനത്തെ ഗഡു | അധികം കൈപ്പറ്റിയ മാസം | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പേര്, മേൽ വിലാസം | | കൈപ്പറ്റേണ്ട മാസം | | |
| ആശാ മോൾ.ടി.എസ്, തുണ്ടിപ്പറമ്പിൽ | 16.09.1981 | 09/2016 | 10/2016 to 02/2017 | 600 |
| രതീഷ് കുമാർ.ജി, ഉമ്മാച്ചേരിൽ | 01.08.1981 | 07/2016 | 08/2016 to 03/2017 | 960 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41, തീയതി-23.10.2018) അധികം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുക ഈടാക്കാത്തപക്ഷം അധികം നൽകിയ 1560/- (600+960) രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒടുക്കിയത്- ഡിമാന്റിന്റെ വിശദാംശം ലഭ്യമല്ല

എക്സിക്യൂട്ടീവ് എഞ്ചിനിയർ , കെ.എസ്.ഇ.ബി , ചങ്ങനാശ്ശേരിയുടെ ഡിമാന്റ് നോട്ടീസ് ലഭ്യമായതിനെ തുടർന്ന് 2017-18 വർഷം വൗച്ചർ നം.21700102 /09.05.17 പ്രകാരം തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജ് 2013 മുതലുള്ള കുടിശിക ഇനത്തിൽ 154645 രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള ഡിമാന്റ് നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ വൗച്ചർ നം . 21700353/14.08.17 പ്രകാരം കുടിശിക-11489 രൂപ, 21700451/16.0917 പ്രകാരം 114 രൂപ, 21700607/13.11.17 പ്രകാരം കുടിശിക- 473രൂപ, 21700825/07.02.18 പ്രകാരം കുടിശിക-730 രൂപ എന്നിങ്ങനെ വിവിധ മാസങ്ങളിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

ഇപ്രകാരം കുടിശിക ഉണ്ടാകാനിടയായത് സംബന്ധിച്ച് കെഎസ്ഇബി അധികൃതരുമായി വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് ആരാഞ്ഞതായി കാണുന്നില്ല. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22 തീയതി-20.10.2018)

മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, കെ.എസ്.ഇ.ബി. യിൽ നിന്നും വിശദീകരണമില്ലാതെ ലഭിച്ച അഡീഷണൽ ബില്ലുകൾ പഞ്ചായത്തിൽ നിന്നും ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല. ആയതിനാൽ, മേൽപ്പറഞ്ഞ കുടിശ്ശിക ബില്ലുകളുടെ കൃത്യത കെ.എസ്.ഇ.ബി.യിൽ നിന്നും ആവശ്യപ്പെട്ട വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-5 തനത് ഫണ്ട് വൗച്ചർ പരിശോധന

2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. **<u>പാലിയേറ്റീവ് കെയർ</u>**

പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനായി താഴപ്പറയുന്ന വൗച്ചറുകൾ പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് 81515 /-രൂപ തനത് ഫണ്ടിൽ നിന്നും മാറി നല്കിയിട്ടുണ്ട് . ടി തുക പ്ലാൻ ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് ക്രമീകരിച്ച് നല്കിയതിന്റെ വിവരം ലഭ്യമായില്ല. ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക |
|---|---|
| 21700063/28.04.17 | 15356 |
| 21700117/15.05.17 | 19537 |
| 21700190/08.06.17 | 22906 |
| 21700246/04.07.17 | 23716 |
| ആകെ | 81515 |

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി- 20.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 81515/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. **<u>ഓണസദ്യ</u>**

21700450/11.09.2017 നം. വൗച്ചർ പ്രകാരം 15000/- രൂപ ഓണസദ്യ നടത്തുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ഇപ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തുവാൻ സർക്കാർ ഉത്തരവ് നിലവില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി-20.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, തനത് ഫണ്ടിൽ നിന്നും ക്രമരഹിതമായി ചെലവാക്കിയ 15000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-6 അർഹതയില്ലാത്ത യാത്രകൾക്ക് യാത്രാപ്പടി നൽകി

പഞ്ചായത്തിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർ മുമ്പ് ജോലി ചെയ്ത ഓഫീസുകളിൽ ഓഡിറ്റ് അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്ക് ഹാജരാകേണ്ടി വരുമ്പോൾ യാത്രബത്ത അനുവദിക്കേണ്ടതില്ല. യാത്രയ്ക്കുള്ള അനുവാദം മാത്രമേ നൽകാവൂ. എന്നാൽ, വൗച്ചർ നം.21700660/4.12.17 പ്രകാരം ശ്രീ.രാധാകൃഷ്ണൻ.എസ്,സീനിയർ ക്ലാർക്ക് പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് 25.07.17, 28.07.17 എന്നീ തീയതികളിൽ നടത്തിയ യാത്രക്ക് 500/- രൂപയും ശ്രീമതി ബിൻസി ചെറിയാൻ, ജൂനിയർ സൂപ്രണ്ട് പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റുമായി ബന്ധപ്പെട്ട് 18.08.17ൽ നടത്തിയ യാത്രക്ക് 990/-രൂപയും യാത്രാബത്ത കൈപ്പറ്റിയിട്ടുണ്ട്. അനധികൃതമായി കൈപ്പറ്റിയ യാത്രാപ്പടി തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23 , തീയതി-20.10.2018) മറുപടി ലഭിച്ചിട്ടില്ല. അധികം കൈപ്പറ്റിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപ്പക്ഷം, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 1490/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-7 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജിതാവധി അക്കൗണ്ട് കൃത്യമാക്കേണ്ടതാണ്

കെ.എസ്.ആർ. ഭാഗം1 അനുബന്ധം 8 ചട്ടം 1പ്രകാരം കരാർ ജീവനക്കാർക്ക് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 ആർജ്ജിതാവധിയ്ക്കാണ് അർഹതയുണ്ടാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീമതി ഷഹനാ ഷാനവാസിന് വൗച്ചർ നം 21700953/27.03.18 പ്രകാരം 2017-18 വർഷം 20 ദിവസത്തെ ലീവ് സറണ്ടർ മാറി നല്കിയിട്ടുണ്ട്. അധിക അവധി സറണ്ടർ ചെയ്യുവാനുള്ള സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.21/ 20.10.2018) നല്കിയതിനെ തുടർന്ന് സേവന പുസ്തകം

ഹാജരാക്കി. സേവനപുസ്തകം പരിശോധിച്ചതിൽ, 21.10.2014 ൽ സേവനത്തിൽ പ്രവേശിച്ച ടിയാൾ 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 8, 20 ദിവസങ്ങൾ ആർജ്ജിതാവധി സറണ്ടർ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 2016-17 വർഷത്തെ വൗച്ചർ (നം.21601045/31.03.17) പ്രകാരം 13 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത തുക (8667രൂപ) നൽകിയതായി ബോധ്യമായി. കൂടാതെ, സേവന പുസ്തകത്തിൽ ലീവ് അക്കൗണ്ട് നാളിതുവരെ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ, ടിയാളുടെ സേവനപുസ്തകത്തിലെ ലീവ് അക്കൗണ്ട്, മുൻ വർഷം (2015-16) സറണ്ടർ ചെയ്തതിന്റെ വിവരം, ആർജ്ജിതാവധി എടുത്തതിന്റെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

## 3-8 തെരുവ് വിളക്ക് വാങ്ങൽ

1. **<u>തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് രേഖയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു</u>**

പ്രോജക്റ്റ് നം. - 34/17-18

അടങ്കൽ - 4,95,000

ചെലവ് – 4,93,044(ബിൽ നം.23/15.01.2018)
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

പ്രസ്തുത പ്രോജക്റ്റ് പ്രകാരം തെരുവ് വിളക്ക് ഉകരണങ്ങൾ വിതരണം ചെയ്യുന്നതിന് കരാർ ലഭിച്ച എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് 15.07.2017 ലെ സി2-770/2017 നമ്പർ സപ്ലൈ ഓർഡർ പ്രകാരം ചുവടെ ചേർക്കുന്ന പ്രകാരമുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ നിർദേശിച്ചിരുന്നു

| ക്രമ നം | ഐറ്റം | എണ്ണം |
|---|---|---|
| 1 | ട്യൂബ് സെറ്റ്(ക്രോംപ്റ്റൺ) | 2350 |
| 2 | സി എഫ് എൽ 20 W(ക്രോംപ്റ്റൺ) | 1700 |

| | | |
|---|---|---|
| 3 | സ്റ്റാർട്ടർ | 1578 |
| 4 | സൈഡ് ഹോൾഡർ(പ്രിൻ & സ്ക്രൂ ടൈപ്പ്) | 2000 |
| 5 | പി വി സി ഷേഡ് | 420 |
| 6 | ബൾബ് ഹോൾഡർ | 420 |
| 7 | ഇലക്ട്രിക്ക് ചോക്ക് | 1100 |
| 8 | അലുമിനിയം വയർ | 45 കോയിൽ |

ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മെമ്പർമാർക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇവ സ്ഥാപിച്ചത് സംബന്ധിച്ച രേഖ (ഇവ പോസ്റ്റുകളിൽ സ്ഥാപിച്ചത് സംബന്ധിച്ച കെ എസ് ഇ ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) ഫയലിൽ ലഭ്യമല്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രോജക്ടിനായുള്ള 4,93,044/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 2. തെരുവ് വിളക്ക് ഉപകരണങ്ങളുടെ വാങ്ങൽ- നടപടിക്രമങ്ങളിൽ അപാകതകൾ

പ്രോജക്ട് നം. - 32/17-18

അടങ്കൽ - 4,90,000

ചെലവ് – 4,89,443(ബിൽ നം.39/31.03.2018)
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

പ്രസ്തുത പ്രജക്ട് പ്രകാരം സിംഗിൾ ട്യൂബ് സെറ്റ് (ഫിറ്റിംഗ്സുൾപ്പെടെ- അലുമിനിയം ബോർഡോഡുകൂടിയ സിംഗിൾ ട്യൂബ് സെറ്റ് , ചോക്ക്, 40 W ട്യൂബ് ലൈറ്റ്) വാങ്ങി സ്ഥാപിക്കുന്നതിന് ഓപ്പൺ ടെൻഡർ ക്ഷണിച്ചതിൽ 6 ടെൻഡറുകൾ ലഭിച്ചിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടെൻഡർ സമർപ്പിച്ച സ്ഥാപനം / വ്യക്തി | കോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | വിജയ് ഏജൻസീസ് | 999 + 175 (ഇൻസ്ററലേഷൻ ചാർജജ്) |
| 2 | എഡിസൺ ഇലക്ട്റോണിക്സ് | 1065+ 200 (ലേബർ ചാർജജ്) |
| 3 | പൗലോസ് കെ യു, ഹന്ന ഇലക്ട്രിക്കൽസ് | 1186 |
| 4 | സെഞ്ചുറി ഇലക്ട്രിക്കൽസ് | 1285 |
| 5 | ജോജോ കെ ജോസ്, കുമരങ്കേരിൽ സാനിട്ടറി & ഇലക്ട്രിക്കൽസ് | 1374 |
| 6 | വിനോദ് കെ കെ, തടത്തിൽ | 1485 |

ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തത് വിജയ് ഏജൻസീസ് എന്ന സ്ഥാപനമാണ്. എന്നാൽ മുൻ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയപ്പോൾ ഗുണമേന്മ ഇല്ലാത്ത സാമഗ്രികൾ നൽകിയതിനാൽ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുകയും സൽപേരിന് കളങ്കം ഉണ്ടാക്കുകയും ചെയ്ത സാഹചര്യത്തിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്തു എന്ന കാരണത്താൽ മാത്രം കരാർ ഉറപ്പിച്ചു നൽകുവാൻ കഴിയുന്നതല്ല എന്നതിനാൽ ഗുണമേന്മയുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ള കുമരങ്കേരിൽ സാനിട്ടറി & ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.(05.03.2018 ലെ 2 നമ്പർ തീരുമാനം). പ്രസ്തുത ഉപകരണങ്ങൾ ലേബർ ചാർജുൾപ്പെടെ 1064 രൂപ നിരക്കിൽ നൽകാമെന്ന് 26.02.2018ൽ കുമരങ്കേരിൽ സാനിട്ടറി & ഇലക്ട്രിക്കൽസ് അറിയിച്ചതിനെതുടർന്ന് , പ്രസ്തുത നിരക്ക് 05.03.2018 ലെ 5(2) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത്

കമ്മിറ്റി അംഗീകരിക്കുകയും ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു .

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ(സ.ഉ(പി)259/2010/ത.സ്വ.ഭ.വ, 08.11.2010) ഖണ്ഡിക 3.എ.4 പ്രകാരം ടെൻഡറുകൾ തുറന്നതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ തെരഞ്ഞെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.48 പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെൻഡററുടെ നിരക്ക് യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡററുമായി മാത്രം നിരക്ക് കുറക്കുവാൻ വിലപേശൽ നടത്താവുന്നതാണ്. 5-ാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കുമരങ്കേരിൽ സാനിട്ടറി & ഇലക്ട്രിക്കൽ സ്ഥാപനത്തിന്റെ കരാറുകാരനുമായി വിലപേശൽ നടത്തി കരാർ നൽകിയത് ടെൻഡറിന്റെ സുതാര്യത ഇല്ലാതാക്കി.

മുൻ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയപ്പോൾ ഗുണമേന്മ ഇല്ലാത്ത സാമഗ്രികൾ നൽകിയതിനാൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നില്ല എന്നതാണ് കമ്മിറ്റി തീരുമാനം. എന്നാൽ മേൽ സൂചിപ്പിച്ച 4 കരാറുകാരെ ഒഴിവാക്കിയാണ് കുമരങ്കേരിൽ സാനിട്ടറി & ഇലക്ട്രിക്കൽസിന്റെ നിരക്ക് അംഗീകരിച്ചിട്ടുള്ളത്. ഇവയിൽ ഏത് സ്ഥാപനമാണ് മുൻവർഷങ്ങളിൽ ഗണമേന്മ ഇല്ലാത്ത ഉപകരണങ്ങൾ വിതരണം ചെയ്തതെന്ന് വ്യക്തമല്ല. സർക്കാർ കരിമ്പട്ടികയിൽ പെടുത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ടെൻഡർ പഞ്ചായത്ത് കമ്മിറ്റിക്ക് വ്യക്തമായ തെളിവില്ലാതെ നിരസിക്കാവുന്നതല്ല.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മെമ്പർമാർക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇവ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12) മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ പ്രസ്തുത പ്രോജക്ടിനായുള്ള 4,89,443 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾക്ക് സർക്കാർ നിശ്ചയിച്ച കാലാവധിക്കുള്ള വാറന്റി ഉറപ്പാക്കിയിട്ടില്ല

| പ്രോജക്ട് നം | 203/17-18 | 37/17-18 |
|---|---|---|
| അടങ്കൽ | 150000- വികസന ഫണ്ട്- സാധാരണം | 496000- വികസന ഫണ്ട്- സാധാരണം |
| | 150000- തനത് ഫണ്ട് | |
| ചെലവ് | 150000- വികസന ഫണ്ട്- സാധാരണം, ബിൽ നം. 40/31.03.2018 | 481700- വികസന ഫണ്ട്- സാധാരണം, ബിൽ നം. 37/31.03.18 |

2017-18 വർഷം, ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വാങ്ങലുകളിൽ 03.07.2012-ലെ സ.ഉ(സാധാ)1838/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെയടിസ്ഥാനത്തിലുള്ള വെൻഡർ ന്യൂട്രൽ സ്പെസിഫിക്കേഷൻ പ്രകാരം നിർദേശിച്ചിട്ടുള്ള വാറന്റി ഉറപ്പാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | വാങ്ങിയ ഉപകരണം | എണ്ണം | വില (രൂപ) | സപ്ലൈ ചെയ്ത സ്ഥാപനം | ഉപകരണത്തിന് സ്ഥാപനം നൽകിയ വാറന്റി | വെൻഡർ ന്യൂട്രൽ സ്പെസിഫി ക്കേഷൻ പ്രകാരം നിർദേശിച്ചിട്ടുള്ള വാറന്റി |
|---|---|---|---|---|---|---|
| 37/17-18- പഞ്ചായതത് ഓഫീസ് കമ്പ്യൂട്ടർവത്കരണം | ഡെസ്ക്ടോപ് കമ്പ്യൂട്ടർ- ഏസർ വെറിറ്റോൺ- | 6 | 2,04,844 | അയോവ കമ്പയൂട്ടേഴ്സ്, ചങ്ങനാശ്ശേരി | തുടർപരിപാലനം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 3 വർഷം | മോണിട്ടറിനുൾപ്പെടെ 5 വർഷം പരിപൂർണ വാറന്റി |

| | | | | | | |
|---|---|---|---|---|---|---|
| | കോർ ഐ-3, 4 ജി ബി റാം, 1 റ്റി ബി എച്ച് ഡി ഡി, വിൻഡോസ് 10 | | | | വാറന്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | |
| | മോണിട്ടർ- 18.5” എൽ ഇ ഡി- ഏസർ | 6 | 28,800 | അയോവ കമ്പയൂട്ടേഴ്സ്, ചങ്ങനാശ്ശേരി | | |
| ആകെ | | | 2,33,644 | | | |
| 203/17-18- പഞ്ചായതത് ഓഫീസ് കമ്പ്യൂട്ടർവത്കരണം | ഡെസ്ക്ടോപ് കമ്പ്യൂട്ടർ- ഏസർ വെറിറ്റോൺ- കോർ ഐ-3 , 4 ജി ബി റാം, 1 റ്റി ബി എച്ച് ഡി ഡി, വിൻഡോസ് 10 | 4 | 1,52,203 | അയോവ കമ്പയൂട്ടേഴ്സ്, ചങ്ങനാശ്ശേരി | തുടർപരിപാലനം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 3 വർഷം വാറന്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | മോണിട്ടറിനുൾപ്പെടെ 5 വർഷം പരിപൂർണ വാറന്റി |
| | സ്കാനർ- എ-4 ഡ്യൂപ്ലക്സ്, | 2 | 33,728 | അയോവ കമ്പയൂട്ടേഴ്സ്, ചങ്ങനാശ്ശേരി | തുടർപരിപാലനം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക് | 5 വർഷം പരിപൂർണ വാറന്റി |

| | | | | | | |
|---|---|---|---|---|---|---|
| | കാനൺ ഡി അർ സി 215 | | | | രജിസ്റ്ററിൽ 1 വർഷം വാറന്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | |
| | സ്കാനർ-കാനൺ ലൈഡ് 120 | 1 | 4,152 | അയോവ കമ്പ്യൂട്ടേഴ്സ്, ചങ്ങനാശ്ശേരി | തുടർപരിപാലനം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 3 വർഷം വാറന്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 5 വർഷം പരിപൂർണ വാറന്റി |
| | പ്രിന്റർ-ലേസർജെറ്റ്-കാനൺ എൽ ബി പി 2900 | 1 | 9,745 | അയോവ കമ്പ്യൂട്ടേഴ്സ്, ചങ്ങനാശ്ശേരി | തുടർപരിപാലനം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 3 വർഷം വാറന്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 5 വർഷം പരിപൂർണ വാറന്റി |
| | പ്രോജക്ടർ-ഏസർ X1123 | 1 | 23,359 | അയോവ കമ്പ്യൂട്ടേഴ്സ്, ചങ്ങനാശ്ശേരി | തുടർപരിപാലനം സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 3 വർഷം വാറന്റി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 5 വർഷം പരിപൂർണ വാറന്റി |
| ആകെ | | | 2,23,187 | | | |

കമ്പ്യൂട്ടർ സാമഗ്രികൾക്ക് സർക്കാർ നിശ്ചയിച്ച വാറന്റി കാലയളവ് ഉറപ്പാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്റ്റ് നം. 37/17-18 പ്രകാരം വാറണ്ടിയില്ലാത്ത പ്രസ്തുത ഉപകരണങ്ങൾക്ക് വേണ്ടി ചെലവഴിച്ച 2,33,644 രൂപയും പ്രോജക്റ്റ് നം. 203/17-18 പ്രകാരം വാറണ്ടിയില്ലാത്ത ഉപകരണങ്ങൾക്ക് വേണ്ടി ചെലവഴിച്ച 2,23,187 രൂപയും തടസ്സപ്പെടുത്തുന്നു.

## 3-10 മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല- തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ്നം/ പ്രോജക്റ്റിന്റെ പേര് | 97/17-18 – പാറയിൽ അങ്കണവാടി നവീകരണം |
| അടങ്കൽ | 50,000- ധനകാര്യ കമ്മീഷൻ വിഹിതം |
| ചെലവ് | 48,976- ബിൽ ക്യൂവിലായതിനെതുടർന്ന് 24.05.2018 ൽ 20ം നമ്പരായി മാറിയിട്ടുണ്ട്. |
| കോൺട്രാക്റ്റർ | ചാക്കോ ആന്റണി, ബ്ലൂ സ്റ്റാർ ഏജൻസീസ് |
| കരാർ നം. | 04/17-18, 23.03.2018 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 97/17-18 നമ്പർ പ്രകാരം നടപ്പാക്കിയ പാറയിൽ അങ്കണവാടി വൈദ്യുതീകരണം എന്ന പ്രോജക്റ്റിൽ എക്സ്ഹോസ്റ്റ് ഫാൻ (ഒരെണ്ണം- 200 mm Single Phase light duty Exhaust Fan in plastic body with self operating louvers) ഫിറ്റു ചെയ്തതായി മെഷർമെന്റ് ബുക്കിൽ(പേജ് നം.7) രേഖപ്പെടുത്തി 1538 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 23-10-18 ൽ അങ്കണവാടിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഇത് സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടു. ഉപകരണം സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ചെലവായ 1538/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-11 കുടുംബശ്രീ ഹെൽപ് ഡെസ്കിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ- ഉപയോഗയോഗ്യമാക്കിയിട്ടില്ല

പ്രോജക്ട് നം - 199/17-18

അടങ്കൽ - 71,200(പൊതു വിഭാഗം- സാധാരണം)

ചെലവ് – 70,745 (ബിൽ നം. 22, 31.03.2018)

2017-18 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ സൂചിത പ്രോജക്ട് പ്രകാരം കുടുംബശ്രീ ഹെൽപ് ഡെസ്കിന് ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

1. സ്റ്റീൽ ടേബിൾ - 120x60x75 cm - 4 എണ്ണം
2. സ്റ്റീൽ കസേര – 45x42, 45x37 cm – 4 “ “
3. സ്റ്റീൽ ക്യാബിനെറ്റ് - 198x90x48 - 3 “ “

‘കുടുംബശ്രീ ഹെൽപ് ഡെസ്ക്’ എന്ന സംവിധാനം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. വാങ്ങിയ ഉപകരണങ്ങളിൽ 2 സ്റ്റീൽ ടേബിൾ, 4 സ്റ്റീൽ കസേര, 2 സ്റ്റീൽ ക്യാബിനെറ്റ് എന്നിവ കുടുംബശ്രീ ഓഫീസിലാണ് ഉപയോഗിക്കുന്നത്. ബാക്കിയുള്ള 2 സ്റ്റീൽ ടേബിളും 1 സ്റ്റീൽ ക്യാബിനെറ്റും കുടുംബശ്രീ ഓഫീസിനോട് ചേർന്ന മുറിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1), പഞ്ചായത്ത് ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് സഹായം നൽകുക, ഗുണഭോക്തൃ ലിസ്റ്റ് പ്രിന്റ് ചെയ്യുക എന്നീ സേവനങ്ങളാണ് കുടുംബശ്രീ ഹെൽപ് ഡെസ്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന മറുപടി ലഭ്യമാക്കി. എന്നാൽ ഈ സംവിധാനം നാളിതുവരെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 70,745 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, വാഴപ്പള്ളി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S00 28/ 2017-18 നം പദ്ധതി പ്രകാരം, പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 2,00,000/- രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം ഫണ്ടിൽ വകയിരുത്തുകയും, 31.10.2017 ലെ 02/ 17-18 നം ബിൽ പ്രകാരം 1,00,000 രൂപയും, 23.02.2018 ലെ 09/ 17-18 നം ബിൽ പ്രകാരം 1,00,000രൂപയും ഉൾപ്പെടെ ആകെ 2,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 3624001800000019 നം അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭിച്ച മരുന്നുകളുടെ വിവരം (തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) |
|---|---|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ, വാഴപ്പള്ളി | 2,00,000 | 1,85,559 | 14,441 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്, (അന്വേഷണക്കുറിപ്പ് നം. 03/16.10.2018) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും 2019 മാർച്ച് മാസത്തിനകം മരുന്നുകൾ എത്തിച്ചു നൽകുമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആകെ 14,441/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 14,441/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-13 ആയുർവ്വേദാശുപത്രി നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം ലോകബാങ്ക് വിഹിതം നഷ്ടമായി

| | |
|---|---|
| പ്രോജക്റ്റ് നം | 179/18 |
| അടങ്കൽ | 20,00,000/- ലോകബാങ്ക് വിഹിതം |
| | |

| | |
|---|---|
| ചെലവ് | 16,89,284/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാർ നം | 58/AE/LSGD/Vply/16-17dt 08-02-17 |

2016-17വർഷം 100 ച.മീ വിസ്തൃതിയിൽ ആയുർവ്വേദാശുപത്രിയ്ക്ക് കെട്ടിടനിർമ്മാണം നടത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റായിരുന്നു ഇത്. 20 ലക്ഷം രൂപ അടങ്കലായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇ -ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ജെസ്റ്റിൻ.റ്റി.മണലിത്തറ എന്നയാളുമായി കരാറുറപ്പിക്കുകയും ചെയ്തിരുന്നു. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സ്ട്രക്ചർ നിർമ്മാണം മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റിലെ 5ാമത്തെ ഇനമായ സൺഷേഡിന്റെ RCC വർക്ക് ചെയ്യുന്നതിന് കനം 7.5 cm നൽകുന്നതിന് പകരം 75cm ആയി കണക്കാക്കിയത് മൂലം എസ്റ്റിമേറ്റിൽ അധികം തുക വകയിരുത്തേണ്ടി വന്നതായി കാണുന്നു. തൻമൂലം കെട്ടിടത്തിന്റെ ബാക്കി വർക്കുകൾ ചെയ്യുന്നതിനാവശ്യമായ തുക തികയാതെ വന്നതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രവൃത്തി ചെയ്ത് അളവുകളെടുത്തപ്പോൾ സൺഷേഡിന്റെ കനം കൃത്യമായി തന്നെയാണ് എംബുക്കിൽ രേഖപ്പെടുത്തിയിരുന്നത് എന്നതിനാൽ കരാറുകാരന് അധികം തുക നൽകേണ്ടിവന്നില്ല. എങ്കിൽകൂടി എസ്റ്റിമേറ്റിലെ പിഴവ് മൂലം 20 ലക്ഷം രൂപ അടങ്കലിൽ കൂടുതൽ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്താമായിരുന്ന എസ്റ്റിമേറ്റ് സ്ട്രക്ച്ചർ വർക്കുമാത്രമായി ചുരുങ്ങിയ സ്ഥിതി വിശേഷമാണ് സംജാതമായത്. കൂടാതെ ഗ്രാമപഞ്ചായത്തിന് ലഭിച്ച ലോകബാങ്ക് വിഹിതമായ 20ലക്ഷം രൂപയിൽ 16,89,284/- രൂപ മാത്രമാണ് പ്രസ്തുത വർക്കിനായി ചെലവഴിക്കുവാൻ സാധിച്ചത്. ആയുർവ്വേദാശുപത്രി നിർമ്മാണത്തിനായി നീക്കിവച്ച 20 ലക്ഷം രൂപയിൽ ബാക്കിവന്ന 3,10,716/- ഗ്രാമപഞ്ചായത്തിന് നഷ്ടമായ സാഹചര്യമാണ് നിലവിലുള്ളത്.

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അംഗീകാരം നൽകുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തിയ്ക്ക് കെട്ടിടനിർമ്മാണം പൂർത്തികരിക്കുന്നതിനാവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. തൻമൂലമാണ് മേൽപരാമർശിച്ച രീതിയിൽ തുകയുടെ ലഭ്യത ഉണ്ടായിരുന്ന സാഹചര്യത്തിലും ബാക്കി ജോലികൾ കരാറുകാരനെക്കൊണ്ട് ഏറ്റെടുത്ത് നടപ്പാക്കുവാൻ സാധിക്കാതിരുന്നത്.

23-10-2018ൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സൈറ്റ് ഓഡിറ്റ് ടീം പരിശോധന നടത്തുകയുണ്ടായി. പൂർത്തീകരിക്കാത്ത പ്രസ്തുത കെട്ടിടത്തിൽ ഗ്രാമപഞ്ചായത്ത് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ചാക്കിൽ കെട്ടി സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. കെട്ടിടം പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് തീവ്രശ്രമങ്ങളുണ്ടാവേണ്ടതുണ്ട്. 2018-19 വർഷം ഗ്രാമപഞ്ചായത്ത് ടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നില്ല. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 16,89,284/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 അങ്കണവാടി നിർമ്മാണം- തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും സ്ഥലം കൈമാറി നൽകിയിട്ടില്ല

| | |
|---|---|
| പദ്ധതി നം. | SOO 152/17-18 |
| പദ്ധതി | 44 നം. അങ്കണവാടിയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ തുക | 5,80,000 /- |
| ചെലവ് തുക | 5,80,000 /- |
| ഫണ്ടിനം | തനത് ഫണ്ട് |

മേൽ പദ്ധതി പ്രകാരം, മാടപ്പള്ളി അഡീഷണൽ ഐ.സി.ഡി.എസ് പദ്ധതിയിൽപ്പെടുന്ന വാഴപ്പള്ളി പഞ്ചായത്തിലെ 44-ാം നമ്പർ അങ്കണവാടി (വാർഡ് 9 – ഏനാഞ്ചിറ) പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചു നീക്കി പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി, യൂണിറ്റ് കോസ്റ്റിന്റെ (14.5 ലക്ഷം രൂപ) എൽ.എസ്.ജി.ഡി വിഹിതമായ 40 % തുക (5,80,000 /- രൂപ), അതാത് ജില്ല പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള 8443-00-108 പി.ഡബ്ല്യു. ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്നു. ആയതിനാൽ, വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ 25.01.2018 ലെ KL010126387201718M നം. ട്രഷറി ചെലാൻ പ്രകാരം, ടി തുക പി.ഡബ്ല്യു.ഡി ശീർഷകത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി, ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (അന്വേഷണക്കുറിപ്പ് നം. 13/17.10.2018) നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി സ്ഥലം അനിയോജ്യമാക്കി നൽകുന്ന മുറയ്ക്ക് പി.ഡബ്ല്യു.ഡി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി നൽകി. അങ്കണവാടിയുടെ പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റി ക്രമീകരിച്ചിട്ടുമുണ്ട്. 30.06.2018- ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 4 പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വാല്യുവേഷൻ തയ്യാറാക്കി പൊളിച്ചു നീക്കുന്നതിന്

എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയിരുന്നു. തുടർനടപടികളുടെ ഭാഗമായി ലേല നടപടികൾ കൈക്കൊണ്ടെങ്കിലും ആരും തന്നെ ലേലം ഏറ്റെടുക്കാഞ്ഞതിനാൽ തുടർ ലേല നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടിയുടെ പ്രവർത്തനം സുഗമമായി നടക്കേണ്ടതിനാലും നിലവിൽ കുത്തകക്കാർ ആരും ഇല്ലാത്ത സാഹചര്യം ഉള്ളതിനാലും, നിലവിലെ കെട്ടിടം പൊളിച്ചുനീക്കി, പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി, സൈറ്റ് നിർമ്മാണയോഗ്യമാക്കി നൽകുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലോടുകൂടി ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 5,80,000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ചു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 മുട്ടക്കോഴി വാങ്ങൽ - സ്ഥാപനത്തിന് അംഗീകാരമില്ല

വെറ്ററിനറി സർജൻ നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ മുട്ടക്കോഴി വിതരണം എന്ന പ്രൊജക്റ്റിനായി (പ്രൊ.നം 20/17-18) വിവിധ ഫണ്ടുകളിൽ നിന്ന് 9ലക്ഷം രൂപ ചെലവഴിച്ച് 4500 മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തിരുന്നു. ഇതിൽ 2370 മുട്ടക്കോഴി കുഞ്ഞുങ്ങളെ 100 രൂപ നിരക്കിൽ 237000/- രൂപ ചെലവഴിച്ച് വാങ്ങിയിരുന്നത് 'കൊച്ചിടശ്ശേരിൽ എഗ്ഗർ നഴ്സറി' എന്ന സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള അനുമതി കോട്ടയം ജില്ലാ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമായതായി കാണുന്നില്ല. വാങ്ങിയ മുട്ടക്കോഴികൾക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ടോയെന്ന വിവരവും ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം29)യ്ക്ക് 2006 ലെ കോട്ടയം ജില്ലാമൃഗസംരക്ഷണ ഓഫീസറുടെ ഉത്തരവ് പ്രകാരമാണ് വാങ്ങൽ നടത്തിയത് എന്ന് വെറ്ററിനറി ഡോക്ടർ മറുപടി നൽകി. വാങ്ങൽ നടപടികൾക്കുള്ള അംഗീകാരം എല്ലാവർഷവും പുതുക്കി നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ വാങ്ങൽ നടത്തിയ മറ്റ് എഗ്ഗർ നഴ്സറികൾക്കെല്ലാം 2017-18 വർഷം അംഗീകാരം പുതുക്കി ലഭിച്ചിട്ടുണ്ട്. അംഗീകാരം പുതുക്കി ലഭ്യമാകാത്ത നഴ്സറികളിൽ നിന്നും വാങ്ങൽ നടത്തുന്ന നടപടി ക്രമവിരുദ്ധമാണ്. അംഗീകാരമില്ലാത്ത നഴ്സറികളിൽ നിന്നും വാങ്ങൽ നടിപടികൾ ഒഴിവാക്കുവാൻ നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധപുലർത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 നെൽവിത്ത് വിതരണം -സബ്സിഡി അധികം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നെൽകൃഷി വികസനം |

| | |
|---|---|
| പ്രോജക്ട് നം. | 22/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2863767/- |
| ചെലവ് | 2863767/- |
| നെൽവിത്ത് വിതരണത്തിന് ചെലവഴിച്ചത് | 2760248/- (വികസനഫണ്ട്) |
| ചെലവ് വിശദാംശം | ബിൽ നം 3/12-01-2018 , 5,86,532/-<br>ബിൽ നം 5/15-01-2018 , 21,73,716/- |

നെൽകൃഷി വികസനത്തിന്റെ ഭാഗമായി നടപ്പാക്കിയ നെൽ വിതരണത്തിൽ 102231 കിലോ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇത് വിവിധ പാടശേഖര സമിതികൾക്കായി നൽകിയിട്ടുണ്ട്. കർണ്ണാടക സീഡ് കോർപ്പറേഷന്റെ അംഗീകൃത വിതരണ ഏജൻസിയായ പീഡികയിൽ അഗ്രിക് ഏജൻസീസ്, എടത്വാ എന്ന സ്ഥാപനത്തിൽ നിന്നും ആകെ 102231 കിലോ നെൽവിത്തിന് (40/-രൂപ കിലോഗ്രാമിന്) 4089240/- രൂപ ചെലവായി. ഇതിൽ സബ്സിഡി തുകയായി 2760248/- രൂപ (67.5%) നിർവ്വഹണഉദ്യോഗസ്ഥൻ സ്ഥാപനത്തിന് നൽകിയിരുന്നു.

03.04.2017-ലെ സ.ഉ.(എം.എസ്.) നം.80/2017/തസ്വഭവ ഖണ്ഡിക 8.1 ലെ ഇനം 3 പ്രകാരം നെൽവിത്ത് വിതരണത്തിന് 100% സബ്സിഡി നൽകാവുന്നതും പരമാവധി സബ്സിഡി തുക 3,500/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. നെൽവിത്ത് വിലയിൽ 67.5% സബ്സിഡി അനുവദിക്കുന്ന മേൽ പ്രൊജക്റ്റിൽ ഒരു കി.ഗ്രാമിന് അനുവദനീയമായ തുക 40x67.5%=27/- രൂപയാണ്. പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു കർഷകന് പരമാവധി നൽകാവുന്നത് 130കിലോഗ്രാം നെൽവിത്താണ് (130x27=3500). എന്നാൽ വിവിധ പാടശേഖര സമിതികൾക്കു നൽകിയ നെൽവിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന് പാടശേഖര സമിതി സെക്രട്ടറിമാർ ഹാജരാക്കിയ സാക്ഷ്യപത്രം പ്രകാരം കർഷകർക്ക് 130 കിലോ നെൽവിത്തിൽ അധികമായി നൽകിയിട്ടുള്ളതായി കാണുന്നു. മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുകയിലും അധികമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30) മറുപടിയായി ഒരു ഹെക്ടറിന് 3500/- എന്ന നിരക്കിലാണ് സബ്സിഡി നൽകിയിരുന്നതെന്നും നെൽകൃഷി വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് തുക

വിതരണം ചെയ്യതെന്നും അറിയിച്ചിട്ടുണ്ട്. ഇത് അംഗീകരിക്കാവുന്നതല്ല. പ്രോജക്റ്റ് നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസൃതമാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ഭവന പൂർത്തീകരണം - രേഖകൾ ലഭ്യമാക്കിയില്ല

1പ്രോജക്ടിന്റെ പേര്- പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം ( ലൈഫ് പദ്ധതി)

പ്രോജക്ട് നം 196/18

അടങ്കൽ -600000/-രൂപ-തനത് ഫണ്ട്.

ചെലവ് -140000/-രൂപ (40000/- ചെക്കനം.9888817തീയതി-23.3.18 100000/-ചെക്ക് നം9979110 തീ 31.3.18)

2017-18വർഷം വി.ഇ.ഒ., വെരൂർ നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം സന്ധ്യ ബാബു,കളത്തികടവിൽ ,വെരൂർ എന്ന ഗുണഭോക്താവിന് 140000/- രൂപ നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യ കരാർ, പണി തുടങ്ങുന്നതിന് മുൻപും നിലവിലും വീടിന്റെ അവസ്ഥ, നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം, പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2 പ്രോജക്ടിന്റെ പേര്- ലൈഫ് മിഷൻ പദ്ധതി -ഭവന പുനരുദ്ധാരണം

പ്രോജക്ട് നം 195/18

അടങ്കൽ -400000/-രൂപ -തനത് ഫണ്ട്.

ചെലവ് -78000/-രൂപ (28000/- ചെക്കനം.9888871തീയതി-26.2.18 50000/-ചെക്ക് നം9888812 തീ14.3.18)

2017-18 വർഷം വി.ഇ.ഒ ,തുരുത്തി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം വി.ജി മുരളീധരൻ എന്ന ഗുണഭോക്താവിന് 78000/- രൂപ നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യ കരാർ, പണി തുടങ്ങുന്നതിന് മുൻപുള്ള വീടിന്റെ അവസ്ഥ, നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

### 3-18 മുക്കാടൻപടി വേരൂപ്പള്ളി റോഡ് കോൺക്രീറ്റിംഗ്- തുടർച്ചയായി റോഡ് കോൺക്രീറ്റ് ചെയ്തിട്ടില്ല

പ്രോജക്ട് നം. 66/17-18 പ്രകാരം വാർഡ് 12 ലെ മുക്കാടൻപടി വേരൂപ്പള്ളി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. 72 മീറ്റർ നീളം 3.25 മീറ്റർ വീതിയിലും, 35.80 മീറ്റർ നീളം 2.70 മീറ്റർ വീതിയിലും സബ് ഗ്രേഡ് ചെയ്ത് ബേസ് കോഴ്സ് 1:3:6, വിയറിംഗ് കോട്ട് 1:2:4 എന്നിങ്ങനെയാണ് ചെയ്തിരിക്കുന്നത്. റോഡിന്റെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ നിലവിൽ കോൺക്രീറ്റുള്ള 150 മീറ്ററിനു ശേഷമുള്ള ഭാഗമാണ് 72 മീറ്റർ നീളം 3.25 മീറ്റർ എന്നും തുടർന്ന് നിലവിൽ കോൺക്രീറ്റുള്ള 80 മീറ്ററിനു ശേഷമാണ് ബാക്കി കോൺക്രീറ്റ് ചെയ്ത 35.80 മീറ്റർ നീളം 2.70 മീറ്റർ വീതി എന്നും കാണുന്നു. നിലവിൽ കോൺക്രീറ്റുള്ള റോഡിന്റെ 2 പ്രത്യേക സ്ട്രെച്ച് മാത്രമാണ് ഇപ്രകാരം കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. റോഡിന് മുൻവർഷങ്ങളിൽ തുടർച്ചയായ കോൺക്രീറ്റിങ്ങ് നടത്താതിരുന്ന സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ന.33) പൂർണ്ണമായും തകർന്നതും സഞ്ചാരയോഗ്യമല്ലാത്തതുമായ ഭാഗം നിർമ്മാണം നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനാണ് അനുദിക്കുന്ന ഫണ്ടിന് അനുസൃതമായി മുൻവർഷങ്ങളിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നും ആയതിനാലാണ് ഇപ്രകാരം 2 സ്ട്രെച്ച് മാത്രം കോൺക്രീറ്റ് ചെയ്തതും എന്നാണ്. റോഡ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുന്ന രീതിയിൽ പ്രവൃത്തി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-19 മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പുതിയ റോഡ് കോൺക്രീറ്റിങ്ങ് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം 18 റോഡുകളിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പുതിയ കോൺക്രീറ്റിങ്ങ് നടത്തുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കിയിരുന്നു. റോഡ് മെയിന്റനൻസ് ഫണ്ടുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. എന്നാൽ 28-11-2012 ലെ ജിഒ 68228എഫ് എം1/2012 പ്രകാരം ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ അറ്റകുറ്റപ്പണിനടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഗ്രാന്റ് ബാക്കിയുണ്ടെങ്കിൽ പുതിയ റോഡുകളിൽ മെറ്റലിങ്ങ്, ടാറിങ്ങ് എന്നിവയ്ക്ക് ഉപയോഗിക്കാമെന്നും എന്നാൽ റോഡുകളിലൊന്നും അറ്റകുറ്റപ്പണി ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തിരിക്കണമെന്നും ഇത് സംബന്ധിച്ച് അസി.എഞ്ചിനീയറുടെ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 24-

05-2017 ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാന തല കോ ഓർഡിനേഷൻ സമിതിയുടെ 3.11 നമ്പർ തീരുമാനപ്രകാരം മേൽപരാമർശിച്ച സർക്കാർ ഉത്തരവ് നിലവിലും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളുകയോ അസി.എഞ്ചിനീയർ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മേൽപരാമർശിച്ച നിബന്ധനകൾ പാലിക്കാതെയുള്ള റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമവിരുദ്ധമാണ്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം നടപടിക്രമങ്ങൾ പാലിച്ച് മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 പാറയിൽ അങ്കണവാടി ഫിനിഷിങ്ങ് വർക്ക് - സ്റ്റെയർ റൂം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2016-17 വർഷം സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ച പാറയിൽ അങ്കണവാടി കെട്ടിടത്തിന്റെ ഫ്ലോറിങ്ങ് വർക്കുകൾ, പ്ലാസ്റ്ററിങ്ങ്, പ്ലംബിങ്ങ്, പെയിന്റിങ്ങ് ജോലികൾക്കായി 171/17-18 നമ്പരായി പാറയിൽ അങ്കണവാടി ഫിനിഷിങ്ങ് വർക്ക് എന്ന പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടിയോട് ചേർന്ന് ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലുമായി സ്റ്റെയർ റൂം, സ്റ്റെയറുകൾ എന്നിവയുടെ നിർമ്മാണം കൂടി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രോജക്റ്റിലെ മേൽപറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ച് 483627/- രൂപ ചെലവഴിച്ചിരുന്നു. 23-10-2018 ന് പ്രസ്തുത അങ്കണവാടിയിൽ സ്ഥലപരിശോധന നടത്തിയതിൽ രണ്ടു നിലകളിലായുള്ള സ്റ്റെയർ റൂമിൽ തറ കോൺക്രീറ്റെചയ്ത് ടൈൽ വിരിക്കുക, സ്റ്റെയറിന് കൈവരികൾ പിടിപ്പിക്കുക എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നതായി കണ്ടെത്തി. അധികമായി സ്റ്റെയർ, സ്റ്റെയർ റൂം എന്നിവ അങ്കണവാടി കെട്ടിടത്തിന് ആവശ്യമില്ലായെന്നിരിക്കെ ടി വർക്കുകൾ കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുള്ള സാഹചര്യം വ്യക്തമല്ല. എങ്കിലും ആരംഭിച്ച പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനാവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരിക്കുന്നത് ശരിയായ നടപടിയല്ല. 2018-19 വർഷം ബാക്കി പണികൾ പൂർത്തികരിക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിരുന്നില്ല. തുടർ വർഷങ്ങളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധപതിയേണ്ടതാണ്.

### 3-21 ആലുംമൂട് -അരീശ്രാക്കൽ റോഡ് റീടാറിങ്ങ്- കാലാവധി ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷിച്ചില്ല-പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 158/18 |
| അടങ്കൽ | 4,00,000/- |
| ചെലവ് | 3,28,927/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാർ നം | 58/AE/LSGD/Vply/16-17dt 06-01-17 |
| കരാറുകാരൻ | കുര്യാള കുര്യാക്കോസ് |

ആലുംമൂട് -അരീശ്രാക്കൽ റോഡ് റീ ടാറിങ്ങ് എന്ന പ്രൊജക്റ്റ് പ്രകാരം 205m നീളത്തിൽ റോഡ് റീടാറിങ്ങ് നടത്തുന്നതിനായി 6-01-2017ന് സ്ഥലം കരാറുകാരന് കൈമാറിയിരുന്നു. പൂർത്തീകരണ കാലാവധി 3 മാസം ഉൾപ്പെടുത്തിയിരുന്ന പ്രസ്തുത വർക്കിന്റെ എംബുക്ക് പ്രകാരം ആദ്യഅളവുകളെടുത്ത് പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 3-04-2017 ന് മാത്രമാണ്. കരാർ നിബന്ധന പ്രകാരം സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതിന് ഇത്രയും കാലതാമസം വന്ന സാഹചര്യം വ്യക്തമല്ല. പ്രവൃത്തി പൂർത്തിയാക്കി അവസാന അളവുകൾ എടുത്തിരിക്കുന്നത് 29-06-2017 നാണ്. കാലാവധി ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. 2012 ലെ കേരളാ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112 പ്രകാരം കരാർ ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്റ്റ് നിർവ്വഹണത്തിൽ കരാറുകാരന്റെ അപേക്ഷ കൂടാതെ തന്നെ ദീർഘീകരണത്തിന് അസി.എഞ്ചിനീയർ ശുപാർശ സമർപ്പിച്ചിരുന്നു. 2 മാസത്തിലധികം കാലം ദീർഘിപ്പിച്ച് നൽകിയതിന് കരാറുകാരന്റെ പക്കൽ നിന്നും നിയമപ്രകാരം ഈടാക്കാമായിരുന്ന പിഴ(1%) ഈടാക്കിയിരുന്നില്ല. കരാറുകാരനിൽ നിന്നും പിഴയായി 3289/- രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-22 ആശ്രയ പദ്ധതി

ആശ്രയ ഒന്നും രണ്ടും ഘട്ടം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. രണ്ടു ഘട്ടങ്ങളുടെയും കാലയളവ് നിലവിൽ അവസാനിച്ചതിനാൽ ഇതലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിൽ സേവനങ്ങൾ ഒന്നും നൽകുന്നില്ല. സർവ്വേ നടത്തി ഏറ്റവും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പുതുക്കിയ പ്രോജക്ട് തയ്യാറാക്കിയെങ്കിലും സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. ഭീമമായ തുക നീക്കിയിരിപ്പുള്ള സാഹചര്യത്തിൽ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും നിർദ്ദേശങ്ങൾ തേടി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ആകെ 72 ഗുണഭോക്താക്കളുണ്ടായിരുന്ന ആശ്രയപദ്ധതിയുടെ ഒന്നാം ഘട്ടം 2005 മുതൽ 2008 വരെയായിരുന്നു.

ഇതിന്റെ 31.03.2018 വരെയുള്ള ധനകാര്യവിശകലനം ചുവടെ ചേർക്കും പ്രകാരമാണ്

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻഫണ്ട് | 2034370 | 1105500 | 928870 |
| ചലഞ്ച് ഫണ്ട് | 1000000 | 310315 | 689685 |
| പലിശ | 739309 | 43260 | 696049 |
| ആകെ | 3773679 | 1459075 | 2314604 |

ഒന്നാം ഘട്ടം പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| സേവനങ്ങൾ | സേവനങ്ങൾ ലഭ്യമാക്കുവാൻ | സേവനങ്ങൾ ലഭ്യമായ | സേവനങ്ങൾ ലഭ്യമാക്കുവാൻ |
|---|---|---|---|

| | ഉദ്ദേശിച്ച ഗുണ ഭോക്താക്കളുടെ എണ്ണം | ഗുണഭോക്താ ക്കളുടെ എണ്ണം | അവശേഷിയ്ക്കു ന്നവരുടെ എണ്ണം |
|---|---|---|---|
| വീട് വയ്ക്കുവാൻ സ്ഥലം | 44 | 10 | 34 |
| ഭവനനിർമ്മാണം | 20 | 4 | 16 |
| വീട് റിപ്പയറിംഗ് | 20 | 16 | 4 |
| കക്കൂസ് | 37 | 15 | 22 |
| കുടിവെള്ളം | 53 | - | 53 |
| ഭക്ഷണം | 72 | 40 | 32 |
| ചികിത്സ | 24 | 20 | 4 |
| വിദ്യാഭ്യാസം | 10 | 5 | 5 |
| വസ്ത്രം | 13 | 9 | 4 |

ആകെ 42 ഗുണഭോക്താക്കളുണ്ടായിരുന്ന ആശ്രയപദ്ധതിയുടെ രണ്ടാം ഘട്ടം 2014 മുതൽ 2017 വരെയായിരുന്നു.

ഇതിന്റെ 31.03.2018 വരെയുള്ള ധനകാര്യവിശകലനം ചുവടെ ചേർക്കും പ്രകാരമാണ്

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻഫണ്ട് | 550000 | 455000 | 95000 |
| ചലഞ്ച് ഫണ്ട് | 429600 | 377832 | 51768 |
| പലിശ | 21701 | - | 21701 |
| ആകെ | 1001301 | 927832 | 168469 |

രണ്ടാം ഘട്ടം പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണ ഭോക്താ ക്കളുടെ എണ്ണം | സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനങ്ങൾ ലഭ്യമാക്കുവാൻ അവശേഷിയ്ക്കുന്നവരുടെ എണ്ണം |
|---|---|---|---|
| വീട് വയ്ക്കുവാൻ സ്ഥലം | 13 | 2 | 11 |
| ഭവനനിർമ്മാണം | 7 | - | 7 |
| കക്കൂസ് | 20 | - | 20 |
| കുടിവെള്ളം | 23 | - | 23 |
| ഭക്ഷണം | 23 | - | 23 |
| ചികിത്സ | 42 | 122 | - |
| വിദ്യാഭ്യാസം | 36 | - | 36 |

| | | | |
|---|---|---|---|
| വസ്ത്രം | 9 | 6 | 3 |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും



# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും



4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 30.10.2017 | 3,00,000 | 19/17-18 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 30.10.2017 | 5,00,000 | 41/17-18 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 246621 | 253379 |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 29.01.2018 | 10,00,000 | 103/17-18 - നെൽകൃഷി ജലസേചനത്തിന് പെട്ടിയും പറയും | 0 | 10,00,000 |

സംയുക്ത പ്രോജക്ട് ഫണ്ടിന്റെ ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക കണക്കുകളിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് കൃത്യമല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| പി ഡബ്ല്യു ഡി, കെട്ടിട വിഭാഗം, കോട്ടയം | പ്രോജക്ട് നം. 152/17-18- 44-ാം നമ്പർ അംഗൻവാടിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 5,80,000(*) | ഇല്ല | 5,80,000 | തുകയുടെ വിനിയോഗവിവരം, മൂല്യനിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ് |

(*) പ്രസ്തുത തുക ഡെപ്പോസിറ്റ് ശീർഷകത്തിൽ ബാലൻസ് ഷീറ്റ് , ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി അനുവദിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി ചീരഞ്ചിറ എസ് സ് ബി | തദ്ദേശസ്വയംഭരണ വകുപ്പ് ജോ. സെക്രട്ടറിയുടെ 2.2.15-ലെ 1292/ഡിബി1 തസ്വഭവ കത്ത്. 21000000/-രൂ. | 1,32,80,000/- | 19,40,000 | 21,00,000/- | - | 13120000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഈയിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 117237048.99 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82200983 |
| വരവിനങ്ങളിലുള്ള നഷ്ടം | 3289 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29191 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,19,303 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 9603 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-3 | 1560 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-5-2 | 15000 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-6 | 1490 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-10 | 1538 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-21 | 3289 | പി.അമിതമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 32480 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7,44,000 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-5-1 | 81,515 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-8-1 | 4,93,044 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-8-2 | 4,89,443 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-9 | 4,56,831 | ഡി അനിൽകുമാർ, സെക്രട്ടറി |
| 3-11 | 70,745 | എം മുഹമ്മദ് ഷെറീഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 14,441 | ഡോ.ജി രാജു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-13 | 16,89,284 | രഞ്ചിത്ത് കൃഷ്ണൻ, അസിസ്റ്റന്റ് എൻജിനീയർ |
| 3-14 | 5,80,000 | രമ്യാ മോഹൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 46,19,303 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡി അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, വണ്ടൻമേട് ഗ്രാമപഞ്ചായത്ത്(നിലവിൽ സസ്പെൻഷനിൽ) | അനിതാലയം, പ്രക്കാനം പി ഒ, ഇലന്തൂർ, പത്തനംതിട്ട-689643 |
| പി.അമിതമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുലിയൂർ ഗ്രാമപഞ്ചായത്ത് | അമ്പിളി ഭവൻ, മാടപ്പള്ളി പി.ഒ., ചങ്ങനാശ്ശേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.4.98 – 30.6.98 (ജനകീയാസൂത്രണം) | ന.എൽ.എഫ്.കെ.പി.8/462/02/16.11.02/18.12.02 | |

| | | |
|---|---|---|
| 2001-02 | നം.എൽ.എഫ്.കെ.പി.8/201/08/28.3.09/ 4.08.09 | |
| 2002-03(ചെലവ്) | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(1)/2018/01.02.18 | 07 |
| 2003-04(ചെലവ്) | നം.എൽ.എഫ്.കെ.പി.8/1217/06/18.6.12 | 8 |
| 2004-05 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(2)/2018/01.02.18 | 04 |
| 2005-06 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(3)/2018/21.02.18 | 05 |
| 2006-07 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(4)/2018/21.02.18 | 19 |
| 2007-08 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(5)/2018/01.02.18 | 14 |
| 2008-09 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(6)/2018/01.02.18 | 09 |
| 2009-10 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(7)/2018/01.02.18 | 16 |
| 2010-11& 2011-12 | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(8)/2018/01.02.18 | 07 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം.പി3-826/14/5.2.16 | 08 |

| | | |
|---|---|---|
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി3/1607/2015 10.05.2016 | 21 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി10/522/17/02.06.17 | 25 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി3/431/2017/23.05.17 | 18 |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി10/1130/2017/04.12.17 | 45 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി 10/1955/2018**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 16.11.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ എന്റെ അഭിപ്രായത്തിൽ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ** 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,
ജില്ലാ ഒാഡിറ്റ് കാര്യാലയം-കോട്ടയം